"ഉദ്ധരേദാത്മനാത്മാനം"

Reg. No. T. 26.

License; No. 363. Dated 14-8-1937.

# നവജീവൻ

## പ്രതിപക്ഷ പത്രിക

വരിസംഖ്യ { അഞ്ചലിൽ 3 രൂ. / തപാലിൽ 4 രൂ. 2 ണ.

പരസ്യങ്ങൾക്ക് മിതമായനിരക്ക്

ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന്.

Vol. 25 | ശിവഗിരി, വക്കല. Trav, 31st Oct: 1944. ൧൧൨൦ തുലാം ൧൫-ാംനു ചൊവ്വാഴ്ച | No. 3

## "ദേവി"

എം. പ്രഭ, ബി. എ. ബി. എൽ..

'ദേവീ!'

ആ കെടാവിളക്കിൻെറ കാന്തികന്ദളത്തിൽ — കാലമാകുന്ന കാഞ്ചനദീപത്തിൻെറ ഭാസ്വരമായപ്രകാശപ്രചുരിമയിൽ — ദേവീ! എനിക്കവിടത്തെ ദർശനമുണ്ടായി.

ദേവീ! പ്രഭാതത്തിൻെറ പ്രസന്നസുന്ദരവും പ്രശാന്തഗംഭീരവുമായ മാധുര്യത്തിൽ പുളകംകൊണ്ട് ഇളകിത്തുടങ്ങിയ ഇളംകാററിൻെറ സ്പന്ദനത്തിൽ, അചുംബിതരും സദ്യഃസംഫുല്ലരുമായ കുസുമകുമാരികൾ അവിടത്തെ മാഹാത്മ്യത്തെ പ്രകീർത്തിക്കുന്നു; പുലരിയുടെ ശബളാഭമായ യവനികയിലൂടെ, രാഗാർദ്രമായ നേത്രങ്ങളിൽനിന്നും പ്രവഹിക്കുന്ന കിരണാവലികളാൽ ഭൂദേവിയെ പരിഷ്വംഗം ചെയ്യാൻ വെമ്പുന്ന കമനീയകാന്തിമാനായ ആ ഭഗവാൻ അവിടത്തെ വക്ത്രസൗന്ദര്യത്തെ പ്രതിബിംബിപ്പിക്കുന്നു; ഉഷഃകുമാരിയുടെ കരാംഗുലികളുടെ മൃദുലസ്പർശത്താൽ ഉണരുന്ന സ്വർഗ്ഗീയത്വത്തിൻെറ മണിവീണയിലെ കിളിക്കൊഞ്ചൽ അവിടത്തെ പരിപാവനതയെ പ്രശംസിക്കുന്നു; സന്ധ്യയിലെ ശാന്തബന്ധുരമായ അന്തരീക്ഷത്തിൽ നൃത്തംചെയ്യുന്ന വർണ്ണവൈവിധ്യങ്ങൾ അവിടത്തെ ഹൃദയാവർജ്ജകത്വത്തെ പ്രസ്ഫുരിപ്പിക്കുന്നു; നിശീഥിനിയുടെ നീലാകാശത്തിൽ നിരന്നു വിരിയുന്ന താരകകുമാരികൾ ചൊരിയുന്ന മധുരമന്ദഹാസം അവിടത്തെ അപ്രമേയത്വത്തെ പ്രകടിപ്പിക്കുന്നു.

ദേവീ, ശാരദാംബേ! മന്ദപവനൻെറ കല്ലോലജാലങ്ങളാൽ പരിലോളിതമായ അളകാവലിയാലലംകൃതമായ അവിടത്തെ ലലാടത്തിൽ പ്രപഞ്ചസൗന്ദര്യം ഞാൻ കാണുന്നു; അരാളങ്ങളായ ആ പുരികക്കൊടികളിൽ മനുഷ്യാത്മാവിൻെറ സ്വപ്നാന്തരീക്ഷത്തിൻെറ ചക്രവാളം ഞാൻ ദർശിക്കുന്നു; പക്ഷ്മളങ്ങളും വിശാലങ്ങളുമായ ആ പത്മലോചനങ്ങളിൽ എൻെറ മനസ്സിലെ ഹംസത്തിനു പാടിപ്പറന്നു വിഹരിക്കാനുള്ള വിനിർമ്മല വിഹായസ്സ് ഞാൻ വീക്ഷിക്കുന്നു; മഞ്ജുളതയുടെ മഞ്ജൂഷകളായ ആ കവിൾത്തടങ്ങളിൽ സ്വർഗ്ഗീയസൗന്ദര്യസാരപ്രകർഷത്തിൻെറ നിത്യനിർമ്മലതയേയും, അവർണ്ണനീയമായ ആ കിസലയാധരങ്ങളിലെ അരുണിമയിലും ചുരുളുകളിലും അരുകുകളിലും സുന്ദരകലകളേയും, എന്നേരവും ഇളകിത്തുള്ളുന്ന ആ കർണ്ണാഭരണങ്ങളുടെ മിന്നൽപ്പിണരുകളിൽ പ്രപഞ്ചത്തിൻെറ ചഞ്ചലത്വത്തേയും ക്ഷണഭംഗുരതയേയും ഞാൻ അവലോകനം ചെയ്യുന്നു; മനുഷ്യൻെറ അന്തരംഗത്തെ ഹിമസേചനംചെയ്തു ആനന്ദത്തിൻെറ അത്യുന്നതിയിലേയ്ക്കുയർത്തുവാൻ കഴിവുള്ള — അവൻെറ ഹൃദയത്തെ സ്വപ്നഹിമത്താലാവൃതമായ സങ്കല്പഗിരികളുടെ കൊടുമുടികളിലേക്കു പറത്തുവാൻ സമർത്ഥമായ — സംഗീതസുധയേയും സാഹിത്യമധുരവും സംഭരിച്ചുവച്ചിരിക്കുന്ന ഭണ്ഡാഗാരങ്ങളാണു ആ വക്ഷോജപുഷ്പതല്പങ്ങളെന്നും ഞാൻ കാണുന്നു.

ദേവീ! ശൂന്യതയുടെ ശുഷ്കഭൂമിയിൽ, പരാജയങ്ങളുടെ പരുഷതയിൽ, നിരാശയുടെ നിർദ്ദയത്വത്തിൽ, ഹൃദയവ്യഥയുടെ ഹ്രദാന്തത്തിൽ അനാഥനായി, അശരണനായി അഗതിയായി അലഞ്ഞുതിരിയുന്ന അടിയൻെറ കൂപ്പുകൈ.

ശാരദാംബേ! പരിസ്ഫുരിക്കുന്ന ആ പരിവേഷത്താൽ പരമരമണീയയായി ഭവതിയെൻെറ ഹൃദയസിംഹാസനത്തിലേക്കെഴുന്നെള്ളുകയില്ലേ? നിത്യതയുടെ നീലമേറിയ നേത്രങ്ങളാൽ നിശ്ചലനായി, നിർന്നിമേഷനായി ഭവതിയുടെ സൗന്ദര്യലഹരിയിൽ മതിമറന്നിരിക്കുവാൻ എന്നെ അനുവദിക്കുകയില്ലേ? ഏതൊരുവനേയും കവനലോലുപനാക്കുവാൻ കഴിവുള്ള ഭവതിയുടെ കടാക്ഷവിക്ഷേപങ്ങളുടെ മഴവില്ലുകളെ ഘനീഭവിപ്പിച്ചു പ്രപഞ്ചസൗന്ദര്യങ്ങളെ സൃഷ്ടിക്കാൻ എനിക്കു കഴിവുനൽകുകയില്ലേ? എൻെറ ദേ

(ശേഷം മുപ്പത്തിനാലാംപേജിൽ)

# ജ്ഞാനലക്ഷണങ്ങൾ

(തുടർച്ച)

പി. ശേഷാദ്രി ബി. എ. എം. എൽ.

൨. അഹിംസ. അഹിംസ പല പ്രകാരത്തിലുണ്ട്. ഹിംസയെ അഹിംസയായി പ്രതിപാദിക്കുന്നവരും ഇല്ലെന്നില്ല. എന്നാൽ ഹിംസാബീജത്തെ വിതച്ചാൽ അഹിംസാഫലം കിട്ടുമോ? അതിനാൽ അഹിംസയുടെ യഥാർത്ഥസ്വരൂപം മനസ്സിലാക്കേണ്ടതാണ്. ഉരകല്ലുകൊണ്ട് സ്വർണ്ണത്തിന്റെ മാററ് മനസ്സിലാകുന്നതുപോലെ മനസ്സ് ജ്ഞാനാഭിമുഖമായാൽ അഹിംസ പ്രകാശിക്കും. ശാരീരകമായ അഹിംസ ഒരുവനിൽ ദൃഢ പ്രതിഷ്ഠിതമായാൽ അത് അവന്റെ ആചരണത്തിൽ വ്യക്തമാകും. തിരമാലകളെപ്പോലും ഭേദിക്കാതിരിക്കത്തക്കവണ്ണം ജലത്തിന്റെ ശാന്തിയെ ഭംഗം ചെയ്യാതെയാണ് അവൻ വെള്ളത്തിൽ ഇറങ്ങുന്നത്. ഭ്രമരം കേസരങ്ങൾക്ക് ഹാനി തട്ടാത്തവിധം പത്മത്തിൽ പ്രവേശിക്കുന്നതുപോലെ പരമാണുക്കളെക്കാളും ചെറുതായ ജീവികൾ നിറഞ്ഞിരിക്കുന്നു എന്ന ബോധത്തോടുകൂടി അഹിംസകൻ തന്റെ പാദങ്ങളെ കരുണകൊണ്ട് ആച്ഛാദനം ചെയ്തിട്ടാണ് നടക്കുന്നത്. താൻ പോകുന്ന മാർഗ്ഗത്തെ അവൻ കൃപാമൃദുലമാക്കുന്നു. അവന്റെ ദൃഷ്ടി ഏല്ക്കുന്ന ദിക്ക് സ്നേഹമയമായിത്തീരുന്നു. അവന്റെ പാദസ്പർശംകൊണ്ട് സകല ജീവികൾക്കും സുഖം ഉണ്ടാകുന്നു. അവന്റെ വാക്കുകൾ, മൂർത്തീഭവിച്ചിരിക്കുന്ന ദയതന്നെയാണെന്നു തോന്നും. അവന്റെ ശ്വാസംപോലും സുകുമാരമായിരിക്കും. അവന്റെ വക്ത്രം സ്നേഹഭണ്ഡാരമാണ്. ദന്തങ്ങൾ മാധുര്യാങ്കുരങ്ങൾതന്നെ. അക്ഷരങ്ങൾ പുറപ്പെടുന്നതിനു മുമ്പുതന്നെ സ്നേഹം പ്രവഹിക്കുന്നു. കൃപ ആദ്യവും പിന്നീട് ശബ്ദവും നിർഗ്ഗമിക്കുന്നു. സംസാരിച്ചാൽ വല്ലവർക്കും വേദന ഉണ്ടാകുമോ എന്ന് ഭയപ്പെട്ട് അവൻ പ്രായേണ മൌനിയായിത്തന്നെ കഴിച്ചുകൂട്ടും. സംസാരിക്കേണ്ടിവരുമ്പോൾ മിതമായി മാത്രം വാക്കുകൾ ഉപയോഗിക്കും. ആർക്കും വ്യഥയോ സംശയമോ തെററിദ്ധാരണയോ വരാത്തവിധം സൂക്ഷിച്ച് സംസാരിക്കും. നിർബന്ധിച്ച് അപേക്ഷിച്ചാൽ ശ്രോതാക്കളെ മാതാപിതാക്കന്മാർക്കു സമാനമായി ആദരിച്ചു സംഭാഷണം ചെയ്യും. അവന്റെ വാക്ക് കേട്ടാൽ ശബ്ദബ്രഹ്മം അവതരിച്ചതുപോലെ തോന്നും. അവന്റെ വാക്ക് മൃദുവും മിതവും മധുരവുമായിട്ട് അമൃതധാരപോലെ ഒഴുകും. പ്രതിവാദംചെയ്ക, പീഡിപ്പിക്കുക, പരിഹസിക്കുക, വഞ്ചിക്കുക, ആക്ഷേപിക്കുക, ആജ്ഞയിടുക, അവമാനിക്കുക, കള്ളംപറയുക, ശങ്കിക്കുക, കളിപ്പിക്കുക മുതലായ ദുർഗ്ഗുണങ്ങളുടെ ഛായപോലും അവന്റെ വാക്കുകളിൽ ഉണ്ടായിരിക്കയില്ല. അഹിംസകൻ സർവ്വ ഭൂതങ്ങളേയും പരബ്രഹ്മസ്വരൂപമായി വീക്ഷിക്കും. ചന്ദ്രബിംബത്തിന്റെ അമൃതവർഷണം, ചകോരങ്ങളെ എന്നതുപോലെ അവന്റെ കൃപാദൃഷ്ടി സകല പ്രാണികളേയും ആനന്ദസാഗരത്തിൽ ആറാടിക്കുന്നു. കൃതാർത്ഥനായ സിദ്ധൻ കർമ്മരഹിതനായി ഇരിക്കുന്നതുപോലെ അഹിംസകന്റെ കരങ്ങൾ നിശ്ചലങ്ങളായി ഇരിക്കും. വായുവിനെ മർദ്ദിക്കേണ്ടിവരുമെന്നും ആകാശത്തെ പ്രഹരിക്കേണ്ടിവരുമെന്നും ഭയപ്പെട്ട് അവൻ കൈകളെ ഇളക്കുന്നില്ല. അങ്ങനെ ഇരിക്കെ, സ്വദേഹത്തിൽ ഇരിക്കുന്ന ഈച്ചകളേയോ കണ്ണിൽ കയറിയിരിക്കുന്ന പുഴുക്കളേയോ അവൻ ഉപദ്രവിക്കയില്ലെന്നു പറയണമോ? വടിപോലും ഉപയോഗിക്കാത്ത അവനാണോ ശസ്ത്രങ്ങൾ ധരിക്കാൻ പോകുന്നത്? കളിയായിട്ടുപോലും താമരപ്പൂക്കളെ അവൻ പറിക്കുന്നില്ല. അഭയം നല്കാൻവേണ്ടിമാത്രമേ അവൻ കൈ ഉയർത്തുകയുള്ളു. പതിതന്മാരെ രക്ഷിക്കാൻവേണ്ടിമാത്രമാണ് അവൻ കൈകളെ സഞ്ചലിപ്പിക്കുന്നത്. ആർത്തന്മാരെ കൃപാപൂർവ്വം സ്പർശിക്കാനാണ് അവൻ കൈകളെ വിനിയോഗിക്കുന്നത്. ആർത്തത്രാണനത്തിനായി അഹിംസകന്റെ ഹൃദയത്തിൽ ഉണ്ടാകുന്ന ആർദ്രത ചന്ദ്രകിരണങ്ങളുടെ ആർദ്രതയേയും ജയിക്കുന്നു. മൃഗങ്ങളെപ്പോലും തലോടുന്നതു മലയാനിലസ്പർശത്തെക്കാൾ എത്രയോ മൃദുവായിട്ടാണ്. ചുരുക്കിപ്പറയുകയാണെങ്കിൽ അവന്റെ കരതലം സജ്ജനങ്ങളുടെ സ്വഭാവംപോലെ സുകോമളമാണ്. ഇനിയും അഹിംസകന്റെ മനസ്സിനെ വർണ്ണിക്കാം. എന്നാൽ ഇതുവരെ പറഞ്ഞതെല്ലാം എന്തിന്റെ വിലാസമാണ്? ശാഖയും വൃക്ഷമല്ലേ? ജലം കൂടാതെ സാഗരമുണ്ടോ? തേജസ്സും സൂര്യനും ഭിന്നവസ്തുക്കളാണോ? അവയവങ്ങളും ശരീരവും വ്യത്യസ്തങ്ങളോ? അതിനാൽ ഇതുവരെ പറഞ്ഞ ബാഹ്യഭാവങ്ങളും മനോവിലാസങ്ങൾതന്നെ. തറയിൽ വിതയ്ക്കുന്ന ബീജംതന്നെയാണ് വളർന്നു വൃക്ഷമായി പരിലസിക്കുന്നത്. ഇന്ദ്രിയങ്ങൾകൊണ്ട് പ്രകാശിക്കുന്നതും മനസ്സുതന്നെയാണ്. മനസ്സിൽ അഹിംസ ഇല്ലെങ്കിൽ അതു പുറമേ പ്രകാശിക്കുകയില്ല. ഏതു വൃത്തിയും ആദ്യമായി മനസ്സിലാണ് ഉദിക്കുന്നത്. പിന്നീട് വാക്ക്, ദൃഷ്ടി, കർമ്മം, ഇവയായി പരിണമിക്കുന്നു. മനസ്സിൽ ഇല്ലാത്തതു വാക്കായിത്തീരുമോ? ബീജംകൂടാതെ അങ്കുരം ഉണ്ടാകുമോ? അതുകൊണ്ടു മനസ്സും

(ശേഷം മുപ്പത്തി…

---

(മുപ്പത്തിമൂന്നാംപേജിന്റെ തുടർച്ച)

വി! ആനന്ദത്തിന്റെ—പരമാനന്ദത്തിന്റെ—പരിപൂർണ്ണതയിൽ ലയിക്കുവാൻ, വികാരങ്ങളുടെ വീർപ്പുമുട്ടലിൽ വിശ്വത്തിന്റെ വിശാലതയിലേക്കു വികസിച്ചു പ്രപഞ്ചപ്രേമത്തിന്റെ അനന്തതയിൽ വിലയം പ്രാപിക്കുവാൻ എന്റെ ശാരദേ! നീയെന്നെ അനുഗ്രഹിക്കുകയില്ലേ?"

(മുപ്പത്തിനാലാംപേജിന്റെ തുടർച്ച)

നശിക്കുമ്പോൾ ഇന്ദ്രിയങ്ങൾ നിർബലങ്ങളാകുന്നു. ഉദ്ഗമത്തിൽതന്നെ വറണ്ടുകിടക്കുന്നതു പ്രവാഹമായിത്തീരുമോ? പ്രാണൻ പോയാൽ ദേഹത്തിൽ ചൈതന്യം ഉണ്ടായിരിക്കുമോ? അതുപോലെ മനസ്സുതന്നെയാണ് ഇന്ദ്രിയഭാവങ്ങൾക്കുമൂലം. അതുതന്നെയാണ് ഇന്ദ്രിയങ്ങൾവഴി പ്രവർത്തിക്കുന്നതും. എപ്പോൾ ഏതുവിധം അതു് ഉള്ളിൽ ഇരിക്കുന്നുവോ അപ്രകാരം അതു പുറമേ പ്രകാശിക്കുന്നു. അതുകൊണ്ടു് മനസ്സിൽ അഹിംസാഭാവം പൂർണ്ണമായി നിറഞ്ഞാൽ പഴുത്ത സുഫലത്തിന്റെ സൗരഭ്യംപോലെ ആ അഹിംസ പ്രേമമായി പ്രകാശിക്കും. ഇന്ദ്രിയങ്ങൾ തന്നെ മനസ്സിന്റെ സമ്പത്തിനെ ചിലവാക്കി അഹിംസാരൂപത്തിലുള്ള പ്രവൃത്തികളെ ചെയ്യുന്നു. ബാലന്റെ കൈപിടിച്ച് ഗുരുനാഥൻ അക്ഷരങ്ങൾ എഴുതിക്കുന്നതുപോലെ മനസ്സു് തന്റെ ദയാഭാവത്തെ കൈകാലുകളിൽ എത്തിച്ച് അഹിംസയായി പ്രകാശിപ്പിക്കുന്നു. അതിനാൽ ഇന്ദ്രിയപ്രവൃത്തികളും മനസ്സിന്റെ വ്യാപാരങ്ങൾ തന്നെ. ഈവിധം മനസ്സു്, ശരീരം, വാക്കു്, ഇവയിൽക്കൂടി ചെയ്യുന്ന സകലത്തിലും ഹിംസയെ ത്യജിക്കുന്ന ആനന്ദമയനായ പുരുഷൻ ജ്ഞാനനിധാനം തന്നെയാണ്. എന്തിനധികം പറയുന്നു, അവൻ സാക്ഷാൽ ജ്ഞാനം തന്നെ. കാതുകൊണ്ടു് കേൾക്കുന്നതും പുസ്തകങ്ങളിൽ നിരൂപിക്കുന്നതും ആയ അഹിംസയെ പ്രത്യക്ഷമായി കാണണമെങ്കിൽ ആ മഹാപുരുഷനെ ദർശിക്കണം.

൪. ക്ഷാന്തി. ദുഃഖരഹിതമായ ക്ഷമയുള്ളിടത്തു ശരിയായ ജ്ഞാനമുണ്ടെന്നറിയുക. അഗാധമായ സരോവരത്തിൽ കമലങ്ങളും ഭാഗ്യവാന്റെ ഗൃഹത്തിൽ സമ്പത്തും ഇരിക്കുന്നതുപോലെ ക്ഷമയുള്ളവനു് ചില ലക്ഷണങ്ങൾ ഉണ്ടു്. പ്രിയപ്പെട്ട ഭൂഷണങ്ങളെപ്പോലെ സകലതും അവൻ സഹിക്കും. താപത്രയങ്ങൾകൊണ്ടു് വിചലിതനാകുന്നില്ല അവൻ. അഭീഷ്ടവസ്തുക്കളെപ്പോലെതന്നെ അനിഷ്ടവസ്തുക്കളെയും സന്തോഷപൂർവ്വം അവൻ സ്വീകരിക്കുന്നു. മാനാപമാനങ്ങളെ സഹിക്കുന്നു. സുഖദുഃഖങ്ങളെ സമാനമായി അവൻ കരുതുന്നു. സ്തുതിനിന്ദകളെ ഭിന്നമായി ഗണിക്കുന്നില്ല. ഉഷ്ണംകൊണ്ടു് അവൻ തപിക്കുന്നില്ല. ശീതംകൊണ്ടു വിറയ്ക്കുന്നുമില്ല. ഏതുസങ്കടത്തിലും അവനു ഭയമില്ല. മേരുവിനു് സ്വശിരോഭാരത്തിലും ആദിവരാഹത്തിനു് ഭൂഭാരത്തിലും പൃഥിവിക്കു് ചരാചരഭാരത്തിലും എന്നതുപോലെ സുഖദുഃഖാദിദ്വന്ദ്വങ്ങളിൽ അവനു് ശ്രമം തോന്നുന്നില്ല. സകല നദികളുടെ പ്രവാഹത്തേയും അവികാരമായി സമുദ്രം ഉൾക്കൊള്ളുന്നു. അതുപോലെ എത്ര വന്നാലും ദുഃഖപ്രവാഹങ്ങളെ സഹിക്കുന്നുവെന്നു് അവനു തോന്നുകപോലും ചെയ്യുന്നില്ല. പ്രാപ്തമായ സകലത്തെയും അഭിമാനരഹിതനായി അവൻ സഹിക്കുന്നു. ഇപ്രകാരം ദുഃഖരഹിതമായ ക്ഷമ ഉള്ളവൻ ജ്ഞാനവാൻ തന്നെ.

൫. ആർജ്ജവം. ഹൃദയപൂർവ്വമായ സൗജന്യം എപ്പോഴും ഒരുപോലെ ഇരിക്കുന്നു. സൂര്യൻ ആവരണംകൂടാതെ പ്രകാശിക്കുന്നു. ആകാശം സകല ലോകത്തിനും സമാനമായ സ്ഥാനം നൽകുന്നു. അതുപോലെ എല്ലാവരോടും ഒരുപോലെ യാതൊരുവന്റെ മനസ്സ് ഇരിക്കുന്നുവോ അവൻ ആർജ്ജവഗുണസമ്പന്നനാണ്. എല്ലാവരും തനിക്കു പരിചയമുള്ളവർ എന്നാണ് അവന്റെ ഭാവം. പഴയ സ്നേഹിതന്മാർ എന്നറിഞ്ഞു് സകലരേയും സ്വന്തമായി അവൻ കാണുന്നു. ആരേക്കണ്ടാലും വിനയത്തോടുകൂടി അവൻ വർത്തിക്കുന്നു. വായുസ്പർശംപോലെ അവന്റെ ഭാവം സുഖപ്രദമായിരിക്കുന്നു. ഒരുവനെ സംബന്ധിച്ചും അവനു സംശയമില്ല. മാതാവിന്റെ സമീപം പോകുന്നശിശുവെന്നപോലെ യാതൊരു സങ്കോചവും ഇല്ലാതെ അവൻ ഹൃദയം തുറന്നു് സകലരോടുംപെരുമാറുന്നു. വികസിതമായ കമലം വീണ്ടും മുകുളിതമാകുന്നില്ല. അതുപോലെ അവന്റെ മനോഭാവങ്ങളെ അവൻ മറയ്ക്കുന്നില്ല. രത്നം മനോഹരംതന്നെ. എന്നാൽ ആദ്യമായി അതിന്റെ സുന്ദരകിരണങ്ങൾ കാണുന്നു. അതുപോലെ അവന്റെ മനസ്സ് ആദ്യമായിനിർഗ്ഗമിക്കുന്നു; അനന്തരം അവൻ പ്രവർത്തിക്കുന്നു. ആശങ്ക എന്നതു് അവനെ സ്പർശിക്കപോലും ചെയ്യുന്നില്ല. ഒരു ഭാവം പ്രകാശിപ്പിക്കണമെന്നോ ഒളിക്കണമെന്നോ ഉള്ള വിചാരം അവന്റെ അന്തഃകരണത്തിൽ പ്രവേശിക്കയില്ല. അവന്റെ ദൃഷ്ടിയിൽ കാപട്യം ഇല്ല; വാക്കുകളിൽ സംശയമില്ല; കപടബുദ്ധിയോടുകൂടി ആരോടും അവൻ പെരുമാറുകയില്ല. അവന്റെ ദശേന്ദ്രിയങ്ങളും സരളവും നിഷ്കപടവും നിർമ്മലവുമായിരിക്കുന്നു. അവന്റെ പഞ്ചപ്രാണങ്ങളും സദാ മുക്തമായിരിക്കുന്നു. അന്തഃകരണം അമൃതധാരപോലെ സരളമായിരിക്കുന്നു. ഈ ലക്ഷണങ്ങൾ ഉള്ളവൻ ആർജ്ജവമൂർത്തി തന്നെ. അവനിൽ ജ്ഞാനം എപ്പോഴും വിരാജിക്കുന്നു.

(തുടരും)

---

## മഹദ്വചനങ്ങൾ—

പ്രാണനെ തൃണപ്രായമായി ഗണിച്ച് ദുഷ്ടതയോടു സമരം നടത്താത്തപക്ഷം ദൈവമാഹാത്മ്യത്തെപ്പററി അറിയുവാൻ ഒരിക്കലും സാധിക്കുന്നതല്ല.

മഹാത്മാഗാന്ധി

മതങ്ങളുടെയും വേദങ്ങളുടെയും മാഹാത്മ്യം മനുഷ്യമഹത്വത്തിന്റെ താഴത്തെ പടിയിൽ മാത്രമേ സ്ഥിതിചെയ്യുന്നുള്ളൂ. മനുഷ്യത്വം മഹാസമുദ്രവും, മതങ്ങളും വേദങ്ങളും അതിലെ നശ്വരങ്ങളായ നീർക്കുമിളകളുമാകുന്നു.

വിദ്യം

അന്തഃകരണശുദ്ധമുള്ള ഒരു സൃഷ്ടിയാണു മനുഷ്യൻ; അതിൽ പ്രാമാണ്യമുള്ളവൻ ധർമ്മദായകനായിത്തീരുന്നു.

ഷില്ലർ

# നവജീവൻ.

ശിവഗിരി, വക്കല
31 ഒക്ടോബർ 1944

## ക്ഷേത്രപ്രവേശനത്തിനു ശേഷം

ഹിന്ദുമതത്തിന്റെ ചരിത്രത്തിലും ഭാരതത്തിലെ സാമൂഹ്യജീവിതത്തിന്റെ ചരിത്രത്തിലും വിപ്ലവപൂർണ്ണവും തികച്ചും പുരോഗമനോന്മുഖവുമായ ഒരു അദ്ധ്യായം തുറന്ന ക്ഷേത്രപ്രവേശനവിളംബരം കഴിഞ്ഞിട്ട് ഇപ്പോൾ സംഭവബഹുലമായ എട്ടുസംവത്സരങ്ങൾ പൂർത്തിയാകുന്നു. ഹൈന്ദവധർമ്മത്തിന്റെ സനാതനമഹത്വത്തിൽ കരിവാരിത്തേച്ച അനാചാരങ്ങളെ നിർമ്മാർജ്ജനം ചെയ്‌വാൻ പോന്ന ഉത്തമോപായമെന്നു ദീർഘദർശനം ചെയ്യപ്പെട്ടാൻ അർഹമായ ആ പരിഷ്കാരം സഹോദരസ്നേഹികളും സമത്വാകാംക്ഷികളുമായ പലർക്കും ഉത്തേജനം നൽകുന്നുണ്ട്. ഒരു രാജാവിന് ഇതിനു മുപരിയായ ഒരു മഹത്കാര്യം സാധ്യമായിട്ടുണ്ടെന്നു ചരിത്രം തെളിവു തരുന്നില്ല. അധികാരശക്തികൊണ്ടും ഭുജബലംകൊണ്ടും, ശത്രുജനങ്ങളുടെ രക്തത്താൽ നനഞ്ഞ ചെമ്മണ്ണിൽ സാമ്രാജ്യക്കൊടി നാട്ടിയിട്ടുള്ള കൈകൾക്കുള്ളതിലും കരുത്ത് ഇത്തരമൊരു പരിവർത്തനപ്രഖ്യാപനം രേഖപ്പെടുത്തുവാൻ തൂലികയെടുത്ത കരങ്ങൾക്കു വേണ്ടിവരുമെന്നുള്ളതു ലോകസേവനൈകനിരതരായ മഹാത്മാക്കൾ സശിരഃകമ്പം സമ്മതിച്ച പരമാർത്ഥമാണ്. 'എങ്ങുമൊരു ശാന്തിവീചി—ലോകം മുങ്ങി നിർവാണത്തിൽതാനേ' എന്ന അനുഭവമാണ് ആ മഹത്കർമ്മം സന്ദാനംചെയ്തതു്.

അതിനുശേഷം ഭൂമി എട്ടു പ്രാവശ്യം അത്യുജ്ജ്വലനായ സൂര്യനെ വലംവച്ചു കഴിയുകയും ചെയ്തു. ഹൈന്ദവധർമ്മത്തിൽ ഇരുളു മാറിയെന്നഭിമാനിക്കുവാൻ ഇനിയും സാദ്ധ്യമായിട്ടില്ലെന്നുള്ളതു പരിതാപകരമായിരിക്കുന്നു. തിരുവിതാംകൂറിനു ഹൈന്ദവജനതയുടെയും മനുഷ്യരാശിയുടെയും ഒരു തീരാക്കളങ്കം മാറുന്നതിനു മാതൃകയായിനിൽക്കുവാൻ കഴിയുന്നുവെന്നു പൂർണ്ണമായി അഭിമാനിക്കണമെങ്കിൽ ക്ഷേത്രപ്രവേശനവിളംബരത്തിന്റെ എടുത്താൽ പൊങ്ങാത്ത ഭാരമേറിയ മഹത്വം ഓരോ ഹൈന്ദവഹൃദയത്തിലും ശക്തിയായി ചെന്നു തട്ടേണ്ടിയിരിക്കുന്നു. ഇന്നും അയിത്തം മാറാത്ത അകത്തളങ്ങൾ ഇവിടെ സുലഭമാണ്; ഇപ്പോഴും ജാതിയുടെ പേരുകൊണ്ടു മാത്രം ഒരുവനെ താഴ്ന്നവനെന്നു വിചാരിച്ചുപോരുന്ന ദൃഢമൂലമായ സംസ്കാരത്തിനു തേയ്‌വു വന്നിട്ടില്ലാത്ത തറവാട്ടുകാരുണ്ട്; ജാതിവിചാരത്തിന്റെ ഇക്കിളി മാറിയിട്ടില്ലാത്ത 'സമുദായപരിഷ്കർത്താക്കൾ' പോലും ഇവിടെയുണ്ട്. ഇങ്ങനെയുള്ള ഒരു തിരുവിതാംകൂർകാരനും, ക്ഷേത്രപ്രവേശനവരദാനം ചെയ്ത യുവാവായ ആ മഹാരാജസിംഹന്റെ പ്രജയായിരിക്കുവാൻ യോഗ്യതയുണ്ടെന്ന് അഭിമാനിക്കുക സാദ്ധ്യമല്ല.

ക്ഷേത്രപ്രവേശനം കഴിഞ്ഞിട്ടും അതിന്റെ ഗുണഭോക്താക്കൾക്കു ക്ഷേത്രഭരണവകുപ്പിന്റെ വാതിലുകൾ തുറന്നുകൊടുത്തിട്ടില്ല എന്നു മുറവിളികൂട്ടുന്നുണ്ട്. അതു് ഒരു രാഷ്ട്രീയകാര്യമായിട്ടു കരുതിയാണു വാദിക്കപ്പെട്ടുപോരുന്നതു്. രാഷ്ട്രീയസമത്വപ്രശ്നമെന്നതിനെക്കാൾ പ്രാധാന്യം അതിനുണ്ടെന്നുള്ള കാര്യം വിസ്മരിക്കാവതല്ല. ക്ഷേത്രപ്രവേശനത്തിന്റെ ഉദ്ദേശ്യത്തെ [illegible]പ്പെടുത്തുന്നതിനും ആ ഉദ്ദേശ്യം പ്രകടമാക്കേണ്ട എല്ലാ കാര്യങ്ങളിലും അതു പ്രകടമാക്കുന്നതിനും ക്ഷേത്രഭരണകാര്യത്തിൽ അക്കൂട്ടരെ ഭാഗഭാക്കുകളാക്കേണ്ടതു് അത്യന്താപേക്ഷിതമായിത്തീരുന്നുണ്ട്.

“ക്ഷേത്രപ്രവേശന”ത്തിന്റെ എട്ടാംവാർഷികം ഈ നവംബർ ൧൨-ാംതീയതിയാണ്. അതിനടുത്തദിവസമാണ് ആ വരദാനംചെയ്ത മഹാരാജാവിന്റെ ആട്ടത്തിരുനാൾ. ഓരോ വർഷം കഴിയുമ്പോഴും ഓരോപടി കടന്ന് ക്ഷേത്രപ്രവേശനോദ്ദേശ്യത്തെ മുന്നോട്ടു കൊണ്ടുപോകുന്നുവെന്ന് അഭിമാനിക്കുവാനും അങ്ങനെ ലോകസേവനം നിർവഹിക്കുവാനും സ്തുത്യർഹമായതെല്ലാം ചെയ്യേണ്ടതു ജനങ്ങളുടെയും അവരുൾപ്പെടുന്ന ഗവണ്മെന്റിന്റെയും കർത്തവ്യം മാത്രമാണ്.

---

## ശിശുതേ നമസ്കാരം

ഇടശ്ശ്ലിടം കെ. പങ്കജാക്ഷിഅമ്മ

ആനന്ദവിഭവങ്ങളാരോളും തുളുമ്പുന്നോ-
രാമോദവസ്തുവാണീലോകം ഹാ ശിശുതയിൽ
അമ്മയുമമ്മിഞ്ഞയുമച്ഛനും ഭ്രാതാക്കളും
അമ്പിളിഅമ്മാവനും താരക സഖാക്കളും
കണ്ണിനു കർപ്പൂരംതാൻ, കാതിനു സുധാസാരം
സുഖമാണനുഭവ,മഖിലം മനോഹരം
ജീവിതപ്പോരൊന്നില്ല, വിഷയകാംക്ഷയില്ല,
ഭാവിഭ്രമങ്ങൾ നിനച്ചാവിലമാകാറില്ല

വാണിജ്യംചെയ്യാറില്ല പ്രേമത്തിൻ പേരാൽ ചാ-
കാണിയും കാപട്യമി,ല്ലാരിലും പകയില്ല [ല്ലി,
അമ്മിഞ്ഞയുണ്ടുതിന്നാൽ സ്വൈരമായ്
നമ്മതൻ മടിത്തട്ടിലച്ചേളിക്കണ്ടും വിഹരിക്കാ-
കളിക്കാൻ പാമ്പിൻകുഞ്ഞും പാവയുംതുല്യം.
കാണാൻകില്ലവൻകണ്ണിൽ പാവയുംതമ്മിൽ ഭേദം
വെറുക്കാനവനില്ലി ലോകത്തിലൊന്നുംതന്നെ സന്തുഷ്ടിമേ
ജഗത്തിലെല്ലാടവും സൗഹൃദമെന്നേ കാണ്മൂ,
വഞ്ചനനിറഞ്ഞുള്ളലോകമേ ശിശുവിന്റെ
പിഞ്ചുകാലടിവച്ചും ഭൂമിയന്നിസർഗ്ഗംതേടൂ,
വിശുദ്ധിനിലയമേ സൗഹൃദസങ്കേതമേ
ശിശുതേ നമസ്കാരം സദസ്സ്ഥം സമേതാവാകം.

# ബ്രഹ്മചര്യം

വിദ്വാൻ — മഹോപാദ്ധ്യായ എൻ. പി. പണിക്കർ

(തുടർച്ച)

'ശ്രദ്ധാവാൻ ബ്രഹ്മചാരീതു
പ്രസ്തുതം ധർമ്മപഞ്ചകം
അനുസ്മരേച്ചാനുതിഷ്ഠേത്
തഥാ തച്ഛുദ്ധിപഞ്ചകം' ; 3

'ശ്രദ്ധാവാനായ ബ്രഹ്മചാരി യാകട്ടെ പ്രസ്തുതമായ 'ധർമ്മപഞ്ചക'ത്തെ കൂടെക്കൂടെ സ്മരിക്കയും അനുഷ്ഠിക്കയും വേണം. അപ്രകാരം തന്നെ ആ 'ശുദ്ധിപഞ്ചക'ത്തെയും അനുസ്മരിക്കയും അനുഷ്ഠിക്കയും വേണ്ടതാകുന്നു.'

ആചാര്യോപദിഷ്ടമായ 'ധർമ്മപഞ്ചക'വും 'ശുദ്ധിപഞ്ചക'വും ശ്രദ്ധയോടുകൂടി ഒരു ബ്രഹ്മചാരി അനുസ്മരിക്കേണ്ടതും അനുഷ്ഠിക്കേണ്ടതും അവശ്യകർത്തവ്യമാകുന്നു. ഗുരൂപദിഷ്ടമായ ധർമ്മപഞ്ചകം താഴെപ്പറയുന്ന വയാകുന്നു.

i. ഒരുപ്രകാരത്തിലും ഹിംസ ചെയ്യാതിരിക്കുക,
ii. മോഷ്ടിക്കാതിരിക്കുക,
iii. മദ്യപാനം ചെയ്യാതിരിക്കുക,
iv. വ്യഭിചരിക്കാതിരിക്കുക.
v. അസത്യം പറയാതിരിക്കുക.

ഇവിടെ 'ഒരുപ്രകാരത്തിലും' എന്നുള്ള വിശേഷണംകൂടി ഓരോന്നിലും ചേർക്കാവുന്നതാകുന്നു. അസത്യം പറയാതിരിക്കണമെന്നു പൂർവാചാര്യന്മാരും ഉപദേശിച്ചിട്ടുണ്ട്. എന്നാൽ ആവശ്യമുള്ളപ്പോഴൊക്കെ കള്ളം പറയാമെന്നുള്ള വികല്പവിധിയും ഉണ്ടായിട്ടുണ്ട്.

'സ്ത്രീഷു നർമ്മവിവാഹേഷു
വൃത്ത്യർത്ഥേ പ്രാണസങ്കടേ
ഗോബ്രാഹ്മണഹിതാർത്ഥേഷു
നാസ്യനൃതം സ്യാജ്ജുഗുപ്സിതം!'

എന്നാണല്ലോ വികല്പവിധി. സ്ത്രീകളെ സംബന്ധിച്ച കള്ളം പറയാം. നർമ്മസംഭാഷണങ്ങളിലും കള്ളംപറയാം. ജീവിതത്തിനുവേണ്ടിയും ജീവരക്ഷയ്ക്കുവേണ്ടിയും കള്ളംപറയാം. പശുവിന്റെ രക്ഷയ്ക്കും ബ്രാഹ്മണന്റെ രക്ഷയ്ക്കും കള്ളംപറയാം. എന്നു വരുമ്പോൾ കള്ളംപറയാൻപാടില്ലാത്ത കാര്യങ്ങൾ ലോകത്തിലൊന്നുമില്ലെന്നു വരും. ഒരു മനുഷ്യന് ഇതിൽനിന്നു വ്യതിരിക്തമായി സത്യംപറയാനുള്ള വിഷയങ്ങൾ അധികമുണ്ടായിരിക്കയില്ലെന്നു വരും. മിക്കവാറും പൂർവാചാര്യന്മാരുടെ വിധിനിഷേധങ്ങളുടെ പോക്ക് ഈ വിധമാണെന്നു സൂക്ഷിച്ചാൽ കാണാൻ കഴിയും. ഒരുപക്ഷെ 'വിധി'യുടെ കർത്താക്കളല്ലായിരിക്കണം 'വികല്പവിധി'യുടെ കർത്താക്കളെന്നു വരാം. യഥാർത്ഥാചാര്യന്മാർ പരമാർത്ഥം ആദ്യം പറഞ്ഞിരിക്കണം. പിന്നീട് യഥാവസരം മററാചാര്യന്മാർ വികല്പവിധികൾ ഉണ്ടാക്കിയിരിക്കണമെന്നു വിചാരിക്കുന്നതിലും തെററില്ല. ഏതായാലും ഗുരുദേവന് ഈ വികല്പങ്ങളൊന്നുമില്ല. ഏതവസരത്തിലും ആരും സത്യംതന്നെ പറയണമെന്നാണു ശ്രീനാരായണഗുരുദേവൻ വിധിക്കുന്നത്. ഇതുപോലെതന്നെ ഹിംസാസ്തേയാദികളിലും വികല്പവിധികളൊന്നും ഗുരുദേവൻ വിവക്ഷിക്കുന്നില്ല. സത്യം പറയുന്നതിൽ ഇങ്ങനെ വികല്പങ്ങളുണ്ടാകുന്നപക്ഷം മററുള്ളവയിലും അതുണ്ടായിക്കൂടെന്നു ശഠിക്കുവാൻ അവകാശമില്ലെന്നു വരാവുന്നതുകൊണ്ട് ആചാര്യൻ 'ധർമ്മപഞ്ചക'ത്തിൽ വികല്പവിധിയോ പാക്ഷികവിധിയോ സ്വീകരിക്കുന്നില്ല. 'ഹിംസ' ചെയ്യരുതെന്നു പറഞ്ഞാൽ വാചാ മനസാ കർമ്മണാ ഹിംസ ചെയ്യരുതെന്നുതന്നെ ആചാര്യസിദ്ധാന്തം. മോഷ്ടിക്കരുതെന്നു പറഞ്ഞാൽ മനസ്സറിഞ്ഞുകൊണ്ടു മറെറാരുത്തന്റെ വസ്തു അവന്റെ അറിവോ സമ്മതമോ കൂടാതെ ഒരിക്കലും അപഹരിക്കരുതെന്നാണു വിവക്ഷ. വ്യഭിചരിക്കരുതെന്നു പറഞ്ഞാൽ

'ബലവാനിന്ദ്രിയഗ്രാമോ
വിദ്വാംസമപി കർഷതി'

എന്നു ന്യായംപറഞ്ഞു നില്ക്കാതെ, ബലാല്ക്കാരത്തിനു വന്നാലും ഒഴിഞ്ഞുനില്ക്കണമെന്നാണു വിവക്ഷ. അസത്യം പറയരുതെന്നു പറഞ്ഞാൽ അപ്രകാരമുള്ള ഒരാളിനെ— ഹരിശ്ചന്ദ്രനെ— മാത്രമേ ഇതുവരെ കേട്ടിട്ടുള്ളു എന്നു മടക്കമുഷ്ടിപിടിക്കാതെ ഏതവസരത്തിലും ആരും സത്യമേ പറയാവൂ എന്നാണു വിവക്ഷിതം. ഗുരുദേവന്റെ 'ധർമ്മപഞ്ചക'ത്തിൽ വിട്ടുവീഴ്ചകളൊന്നുമില്ല. തരംപോലെ കള്ളംപറയാനും വ്യഭിചരിക്കാനും മോഷ്ടിക്കാനും ഹിംസിക്കാനും ആചാര്യന്റെ 'ധർമ്മപഞ്ചകം' അനുവദിച്ചിട്ടില്ല. അതിൽ വികല്പവിധികൾ ഉണ്ടാക്കാൻ ഭാവിയിൽ ശിഷ്യപരമ്പരകൾ ഉണ്ടാകാതിരിക്കുന്നിടത്തോളം കാലം ആ 'ധർമ്മപഞ്ചകം' അവ്യഭിചരിതമായി നിലനിൽക്കുകയും ചെയ്യും.

ഇനി ശുദ്ധിപഞ്ചകത്തെക്കുറിച്ചു വിവരിക്കാം. കായശുദ്ധി വാക്ശുദ്ധി, മനഃശുദ്ധി ഇന്ദ്രിയശുദ്ധി, ഗൃഹശുദ്ധി ഇങ്ങനെ അഞ്ചുവിധം ശുദ്ധികൾ ഗുരൂപദിഷ്ടമായിരിക്കുന്നു. ഇതിനെയാണ് 'തച്ഛുദ്ധിപഞ്ചകം' എന്നു ശ്ലോകത്തിൽ പറഞ്ഞിരിക്കുന്നത്.

'കായവാക്ചേതസാംശുദ്ധി-
രിന്ദ്രിയാണാം ഗൃഹസ്യ ച
സംക്ഷേപാന്മർത്ത്യവർഗ്ഗസ്യ
പഞ്ചൈതാഃ ശുദ്ധയഃ സ്മൃതാഃ'

ഇങ്ങനെ ശുദ്ധിപഞ്ചകം ആചാര്യൻതന്നെ സംക്ഷേപിച്ചു പറഞ്ഞിട്ടുണ്ട്. ഓരോന്നിനേയും വിവരിക്കാം. (തുടരും)

(കഴിഞ്ഞലക്കം 7-ാംശ്ലോകത്തോടു ചേർത്തുകൊള്ളേണ്ടതു്).

ഇത്രയും, 'ദേശസഭാദരാത്' എന്ന് ഒറെറപ്പദമായി സ്വീകരിക്കുമ്പോൾ ചെയ്യാവുന്ന വ്യാഖ്യാനമാണ്. എന്നാൽ ഇതു രണ്ടു പദമായി സ്വീകരിച്ചു നിർവഹണകർത്തൃത്വം ദേശസഭയിൽതന്നെ മുഖ്യമായി ആരോപിക്കാവുന്നതാകുന്നു. ഒറെറപ്പദമായി സ്വീകരിക്കുമ്പോഴുണ്ടാവുന്ന അനാവശ്യക്ലേശത്തിനും അപ്പോൾ പരിഹാരം പറയാവുന്നതാണ്. പക്ഷെ "ബ്രഹ്മചര്യത്തിൽ കർത്തവ്യങ്ങളായ പല കാര്യങ്ങളും അടങ്ങി

(ശേഷം മുപ്പത്തിയെട്ടാംപേജിൽ)

# അഷ്ടാവക്രഗീത

പരിഭാഷകൻ, പി. കെ. നാരായണപിള്ള എം. എ.

ന മേ ബന്ധോ ഽസ്തി മോക്ഷോ വാ
ഭ്രാന്തിഃ ശാന്താ നിരാശ്രയാ
അഹോ മയി സ്ഥിതം വിശ്വം
വസ്തുതോ ന മയി സ്ഥിതം. 18

എനിക്കു ബന്ധവുമില്ല മോക്ഷവുമില്ല. നിരാശ്രയമായ ഭ്രമം നശിച്ചു. വിശ്വം എന്നിലാണു സ്ഥിതിചെയ്യുന്നത്. വാസ്തവത്തിൽ അതു് എന്നിൽ സ്ഥിതിചെയ്യുന്നില്ല. ആശ്ചര്യം.

സശരീരമിദം വിശ്വം
ന കിഞ്ചിദിതി നിശ്ചിതം
ശുദ്ധചിന്മാത്ര ആത്മാ ച
തത്കസ്മിൻ കല്പനാധുനാ 19

ശരീരം ഉൾപ്പെടെ ഈ വിശ്വം അവാസ്തവമാണെന്നും ആത്മാവു ശുദ്ധചൈതന്യസ്വരൂപമാണെന്നും നിശ്ചിതമായി. അതിനാൽ ഇനി ഏതിലാണു കല്പന ചെയ്യുക.

ശരീരം സ്വർഗ്ഗനരകൗ
ബന്ധമോക്ഷൗ ഭയം തഥാ
കല്പനാമാത്രമേവൈതത്
കിം മേ കാര്യം ചിദാത്മനഃ 20

ശരീരം സ്വർഗ്ഗം നരകം ബന്ധം മോക്ഷം ഭയം ഇവയെല്ലാം കല്പനാമാത്രമാണു്. ചിത്സ്വരൂപനായ എനിക്കു് എന്താണു ചെയ്യാനുള്ളതു്.

അഹോ ജനസമൂഹേഽപി
ന ദ്വൈതം പശ്യതോ മമ
അരണ്യമിവ സംവൃത്തം
ക്വ രതിം കരവാണ്യഹം 21

ദ്വൈതം ദർശിക്കാത്ത എനിക്കു ജനസമൂഹം പോലും കാടുപോലെ ശൂന്യമായിത്തീർന്നിരിക്കുന്നു. ഞാൻ എവിടെയാണു താത്പര്യം കാണിക്കേണ്ടതു്.

നാഹം ദേഹോ ന മേ ദേഹോ
ജീവോ നാഹമഹം ഹി ചിത്
അയമേവ ഹി മേ ബന്ധ
ആസീദ്യാ ജീവിതേ

സ്പൃഹാ 22

ഞാൻ ദേഹമല്ല. ദേഹമെന്റേതല്ല. ഞാൻ ജീവനല്ല. ഞാൻ ചൈതന്യമാണു്. ജീവിതത്തിലുണ്ടായിരുന്ന ആഗ്രഹം മാത്രമായിരുന്നു എന്റെ ബന്ധം.

അഹോ ഭുവനകല്ലോലൈ
ർവിചിത്രൈർദ്രാക് സമുത്ഥിതം
മയ്യനന്തമഹാംഭോധൗ
ചിത്തവാതേ സമുദ്യതേ 23

ഞാൻ ആകുന്ന അനന്തമഹാസമുദ്രത്തിൽ മനസ്സാകുന്ന കാറ്റു് ഉണ്ടാകുമ്പോൾ വിചിത്രങ്ങളായ ഭുവനതരംഗങ്ങളുണ്ടാകുന്നു.

മയ്യനന്തമഹാംഭോധൗ
ചിത്തവാതേ പ്രശാമ്യതി
അഭാഗ്യാജ്ജീവ വണിജോ
ജഗത്പോതോ വിനശ്വരഃ 24

ഞാനാകുന്ന അനന്തമഹാസമുദ്രത്തിൽ മനോവായു ശമിക്കുമ്പോൾ ജീവനാകുന്ന വ്യാപാരിയുടെ (വണിക്കിന്റെ) ഭാഗ്യമില്ലായ്മനിമിത്തം ജഗത്താകുന്ന വള്ളം നശിക്കുന്നു.

മയ്യനന്തമഹാംഭോധാ-
വാശ്ചര്യം ജീവ വീചയഃ
ഉദ്യന്തി ഘ്നന്തി ഖേലന്തി
പ്രവിശന്തി സ്വഭാവതഃ 25

ആശ്ചര്യം. ഞാനാകുന്ന അനന്തമഹാസമുദ്രത്തിൽ ജീവവീചികൾ പൊങ്ങുന്നു; കൂട്ടിയടിക്കുന്നു, കളിക്കുന്നു സ്വസ്വരൂപത്തിൽ (ജലത്തിൽ) പ്രവേശിക്കുന്നു.

---

(ഒപ്പത്തിമൂന്നാം പേജിൽനിന്നു തുടർച്ച)

യിട്ടുള്ളതിനാൽ അതിന്റെയെല്ലാം കർത്തൃത്വം ദേവസഭയിൽ ആരോപിക്കുന്നതു ഭംഗിയായിരിക്കയോ എന്നുള്ളതും ആലോചിക്കേണ്ടതാകുന്നു. ശരീരശുദ്ധി ഉപാസന, സ്ത്രീപുംവിഷയനിവൃത്തി മുതലായവയുടെ കർത്തൃത്വം ദേവസഭയ്ക്കുണ്ടായാൽ പോരല്ലോ. വർണ്ണിതപ്രകാരം ദേശസഭ ഇതെല്ലാം നിർവ്വഹിച്ചാലും പോരാ; വർണ്ണിതന്നെ നിർവ്വഹിക്കേണ്ടിയിരിക്കുന്നു. അതുകൊണ്ടു് അല്പം അനൗചിത്യം ഉണ്ടായാൽ തന്നെയും അതു ശ്രദ്ധിക്കത്തക്ക വ്യാഖ്യാനമല്ലായോ നല്ലതെന്നു സഹൃദയന്മാർ തീർച്ചയാക്കേണ്ടതാകുന്നു.

## ശിവഗിരിവാർത്തകൾ

ചതയാഘോഷം പ്രമാണിച്ചുള്ള സംഭാവനാവിവരവും മററും അടുത്തലക്കം നവജീവനിൽ പ്രസിദ്ധപ്പെടുത്തുന്നതാണു്.

x x x x x

ശിവഗിരി മഠാധിപതി ശ്രീ ശങ്കരാനന്ദസ്വാമികൾ ആലുവായ്ക്കു പോയിരിക്കുന്നു. സ്വാമികൾ ആലുവാ അദ്വൈതാശ്രമത്തിൽ ഏതാനും ദിവസം വിശ്രമിക്കുന്നതായിരിക്കും.

x x x

ശിവഗിരി തീർത്ഥയാത്ര

തീർത്ഥയാത്രാ പ്രാദേശിക സമിതിക്കാർ അവരുടെ പേരുവിവരവും മററും നേരത്തെ കൺവീനറെ അറിയിക്കുന്നതു് സൗകര്യമായിരിക്കും.

x x x x

കലാപ്രകടനങ്ങൾ നടത്തിക്കണമെന്നുദ്ദേശിക്കുന്ന പ്രാദേശികസമിതിക്കാർ വിവരം നേരത്തെ അറിയിച്ചു സൗകര്യം ചെയ്യേണ്ടതാണു്. ഈ പ്രാവശ്യം പല പ്രാദേശികസമിതിക്കാർക്കും ഇവിടെ വച്ചു് കലാപ്രകടനങ്ങൾ നടത്തിക്കണമെന്നു് ആഗ്രഹമുള്ളതായി അറിവായിരിക്കുന്നതുകൊണ്ടാണു് ഈ വിവരം നേരത്തെ തിര്യപ്പെടുത്തുന്നതു്.

x x x

വ്രതവിധി

പ്രാതസ്നാനം കഴിഞ്ഞു, ശുദ്ധമാക്കിയ ഒരു പ്രദേശത്തിരുന്നു് ഈശ്വരപ്രാർത്ഥന, ഗുരുദേവപ്രാർത്ഥന മുതലായവ നടത്തണം. അതിനുശേഷം യഥാശക്തി പതിവുള്ള ദിനചര്യകൾ നടത്താം. ആഹാരം സാത്വികമായിരിക്കണം (മത്സ്യമാംസാദികൾ വർജ്ജിക്കുന്നതു നന്നു്) എപ്പോഴും ആഹാരത്തിനു മുമ്പു് ദേഹശുദ്ധി വരുത്തി ഈശ്വരസ്മരണ നടത്തിയിരിക്കണം. ഏതു കർമ്മം നടത്തുന്നതിനും മുമ്പു ഈശ്വരസ്മരണം ഗുരുദേവസ്മരണം ഇവ നടത്തുവാൻ പ്രത്യേകം ശ്രദ്ധിച്ചിരിക്കണം.

സന്ധ്യയ്ക്കു ദീപാലംകൃതമായി പുഷ്പധൂപാദി സൗരഭ്യം നിറഞ്ഞ ഒരു പ്രദേശത്തു ഗുരുദേവന്റെ സാന്നിദ്ധ്യം സങ്കല്പിച്ചോ അല്ലാത്തപക്ഷം ഒരു ഛായാപടം വച്ചോ ഭജന, പ്രാർത്ഥന, ആരാധന മുതലായവ ചെയ്യണം.

തീൎത്ഥാടകർ 41 ദിവസത്തെ വ്രതം അനുഷ്ഠിക്കുന്നതു ഉത്തമമായിരിക്കും. അതിനു സൗകൎയ്യപ്പെടാത്തവർ ധനു 1-ാംനു- മുതലെങ്കിലും വ്രതം തുടങ്ങേണ്ടതാണു്.

x x x x

ഒരു പ്രദേശത്തെ തീൎത്ഥാടകർ ഒന്നിച്ചു ഒരിടത്തു പ്രാൎത്ഥനാവേളകളിൽ കൂടുന്നതു നല്ലതാണു്. ഇങ്ങനെ ഓരോ ദിവസവും മുൻകൂട്ടി നിശ്ചയിക്കുന്ന ഒരു ദിക്കിൽ എല്ലാപേരും സമ്മേളിക്കുക.

ഇപ്രകാരം വ്രതാനുഷ്ഠാനം ചെയ്യണം. വ്രതകാലത്തു നിഷ്ഠയായ ബ്രഹ്മചൎയ്യം അനുഷ്ഠിക്കേണ്ടതു് അതിപ്രധാനമായ കാൎയ്യമാണു്.

## ഗുരുദേവസ്മരണകൾ

ക്ഷേത്രപ്രവേശനവാദം നടക്കുന്ന ഘട്ടത്തിൽ ഒരിക്കൽ ഗുരുദേവൻ ആലുവാ അദ്വൈതാശ്രമത്തിൽ വിശ്രമിക്കുന്നു. ചില നാസ്തികന്മാരും യുക്തിവാദികളും ഗുരുദേവസന്നിധിയിൽ നില്ക്കുന്നു. ഗുരുദേവരോടു ഒരാൾ: "ക്ഷേത്രങ്ങളിൽ കല്ലുനാട്ടിയിട്ടു് ദൈവമെന്നു പറയുന്നതിൽ ഞങ്ങൾക്കു വിശ്വാസമില്ല. ഈ അറിവില്ലായ്മ ജനങ്ങൾ വിശ്വസിക്കുന്നതു തെറ്റല്ലേ.

ഗുരുദേവൻ:—അതു കല്ലാണെന്നു് വിശ്വാസികൾ അറിയുകയും, വിചാരിക്കുകയും ചെയ്യുന്നില്ലല്ലോ. നിങ്ങൾ അങ്ങനെ പറഞ്ഞു പരത്താതിരുന്നാൽ മതി.

ആൾ:—"അതു കല്ലാണെന്നറിഞ്ഞാൽ എങ്ങനെ വിശ്വസിക്കുവാനാണു്.

ഗുരുദേവൻ:—ആ അറിവിനു കാരണമായി ഒരറിവുണ്ടല്ലോ. ആ അറിവറിയുമ്പോൾ നിങ്ങളുടെ അറിവിനും ആ അറിവിന്മേലുള്ള വിശ്വാസത്തിനും മാറ്റമുണ്ടാകും."

x x x x

മതപ്രവാചകനായ ഗുരുദേവരുടെ ഒരു ശിഷ്യൻ ഗുരുദേവരോടു അല്പം ഇടഞ്ഞുനില്ക്കുന്ന ഒരു ഘട്ടത്തിൽ ശിഷ്യൻ ഗുരുദേവരോടു്:—അടിയൻ കുളത്തിലെ വെള്ളമല്ല ഒഴുക്കുവെള്ളമാണു്.

ഗുരുദേവൻ:—കൊള്ളാമല്ലോ; ചാലു തെറ്റിയൊഴുകാതിരുന്നാൽ മതി." ശിഷ്യൻ ഉത്തരമില്ലാതെ നില്ക്കുന്നു.

## കുറിപ്പുകൾ

### മതവികാരം

ഇന്ത്യയിൽ രാഷ്ട്രീയസ്സംഭനമുണ്ടാവുന്നതിനു കാരണം പറഞ്ഞ കൂട്ടത്തിൽ സർ ചിമൻലാൽ സെതൽവാദ് രാഷ്ട്രീയകാൎയ്യങ്ങളിൽനിന്നും മതവികാരങ്ങളെ ഒഴിവാക്കേണ്ടതാണെന്നു ഇക്കഴിഞ്ഞ ദിവസം പ്രസ്താവിക്കുകയുണ്ടായി. രാഷ്ട്രകാൎയ്യങ്ങളും മതകാൎയ്യങ്ങളുമായി കൂട്ടിക്കുഴയ്ക്കാതെ ഒരു നയമവലംബിക്കുവാൻ സംഘടിതമതങ്ങളുടെ ബന്ധനത്തിൽപെട്ടുവലയുന്നവൎക്കു സാധ്യമല്ലെന്നു ഞങ്ങൾ ഈ പംക്തികളിൽ പ്രസ്താവിച്ചുകഴിഞ്ഞിട്ടുണ്ടു്. മതത്തിന്റെ സാന്മാൎഗ്ഗിക പ്രേരണ, ജീവിതത്തിന്റെ ഒരു വശത്തും ഒഴിവാക്കാൻ പാടുള്ളതല്ലെങ്കിലും മതവികാരം അങ്ങനെയുള്ള കാൎയ്യങ്ങളെ ഭരിക്കുവാൻ അവസരം കൊടുക്കുന്നതു വിനാശകരമായ ഗതിയാണു്.

x x x x

മതവികാരവും മതം നല്കുന്ന സാന്മാൎഗ്ഗികപ്രേരണയും വകതിരിച്ചറിയേണ്ടവയാണു്. മതത്തിന്റെ സാന്മാൎഗ്ഗികപ്രേരണ 'ഏകമത'ത്തെ സ്വീകരിക്കുന്നവൎക്കുമാത്രമേ ദൎശിക്കുവാൻ കഴികയുള്ളു. അല്ലാതെയുള്ളവൎക്കുണ്ടാകുന്നതു് ഏറിയക്രമം മതവികാരമായിരിക്കും. ആദ്യത്തേതു് മനുഷ്യന്റെ വളൎച്ചക്കു് അനുപേക്ഷണീയമാണെങ്കിൽ രണ്ടാമത്തേതു് വിനാശത്തിനു കാരണവുമാണു്. ഇന്ത്യൻരാഷ്ട്രകാൎയ്യങ്ങളിൽ പ്രാധാന്യമുള്ളവരുടെ ശ്രദ്ധ ഇക്കാൎയ്യത്തിൽ പതിഞ്ഞുതുടങ്ങിക്കാണുന്നതു ശുഭോദൎക്കമാണു്.

x x x x

### സംഘടിതഹിംസ

ഗാന്ധിജി വീണ്ടും ഒരു നിരാഹാരവ്രതം അനുഷ്ഠിക്കാൻ ഇടയുണ്ടോ എന്നു ചോദിച്ചുകൊണ്ടു മി. ഹോർണിമാൻ, ഗാന്ധിജിയുടെ പ്രൈവറ്റ് സിക്രട്ടറിക്കയച്ച കമ്പിക്കു മറുപടിയായി പ്രൈവറ്റ് സിക്രട്ടറി നിഷേധരൂപത്തിൽ കൊടുത്ത വാക്കുകളെ വിശദീകരിച്ചു ഗാന്ധിജിതന്നെ പുറപ്പെടുവിച്ചിരിക്കുന്ന ഒരു പ്രസ്താവനയിൽ സംഘടിതഹിംസയെ എതിരിടുന്നതിനു മഹാത്മാവു വേണ്ടിവന്നാൽ നിരാഹാരവ്രതമനുഷ്ഠിക്കുമെന്നു പറയുന്നുണ്ടു. ഗാന്ധിജി ഇനിയുമൊരു നിരാഹാരവ്രതമനുഷ്ഠിക്കാൻ കാരണമായി നില്ക്കുന്ന ഈ സംഘടിതഹിംസ എന്തെന്നറിവാൻ എല്ലാപേൎക്കും ആഗ്രഹമുണ്ടു്.

x x x x

സംഘടിതഹിംസയെന്നു പറയുമ്പോൾ ഭരണാധികാരികളെ സംബന്ധിക്കുന്ന ഒരു പ്രവൎത്തനം മാത്രമാണതെന്നു ധരിച്ചുകളയരുതെന്നു ഗാന്ധിജി പ്രത്യേകം പറയുന്നുണ്ടു്. x x x

ജീവിതസ്വാതന്ത്ര്യത്തെ ശ്വാസംമുട്ടിച്ചുകൊല്ലുന്ന ഒരു അദൃശ്യശക്തിയാണു് സംഘടിതഹിംസ. ചിരകാലത്തെ പഴക്കംകൊണ്ടു കൈവിലങ്ങുകളെ ഉമ്മവയ്ക്കാനിഷ്ടപ്പെടുന്നതടങ്കൽപുള്ളിയുടെ ചിത്തവൃത്തി ഈ സംഘടിതഹിംസയ്ക്കു വിധേയരായ അധികം ആളുകളും അവലംബിച്ചു അറിയാതെ സാത്മ്യപ്പെടുത്തികഴിഞ്ഞിട്ടുണ്ടു്.

x x x x

ഭരണാധികാരികളെ സംബന്ധിക്കുന്ന ഒരു പ്രവൎത്തനം എന്നനിലയിലല്ലാതുള്ള സംഘടിതഹിംസകൾതന്നെയും മനുഷ്യന്റെ എല്ലാവിധ വളൎച്ചയെയും തടയുന്നുണ്ടു്; സ്വാതന്ത്ര്യത്തെ അറിയാതെ നിഹനിക്കുന്നുണ്ടു്. തൊഴിലാളിയെ തൊഴിലാളിയായി നിറുത്തുവാൻ ആഗ്രഹിക്കുന്ന മുതലാളിയുടെ മൂലധനനിക്ഷേപവും ശക്തിസംഭരണവും സംഘടിതഹിംസയാണു്. പുരോഹിതന്മാർ 'വൈദിക'ന്മാർ തുടങ്ങിയവർ ദൈവത്തിന്റെ അടുത്ത ആളുകളും സ്വൎഗ്ഗത്തിന്റെ താക്കോൽകാരുമാണെന്നു സ്വയം ഭാവിച്ചു ആസ്തികരായ സാമാന്യജനങ്ങളെ വഴിതെറ്റിച്ചു്, കാട്ടിലും കല്ലിലും ഓടിച്ചു തുള്ളിച്ചു് പുസ്തകം വായിക്കാനനുവദിക്കാതെ, മടിശ്ശീല അഴിപ്പിച്ചു് കാട്ടിക്കൂട്ടുന്ന വിക്രിയകളെല്ലാം സംഘടിതഹിംസയിൽ പെടുന്നു.

ഒരു ജാതിക്കാർ ഉയർന്നവരാണു് മററവരെല്ലാം താഴ്ന്നവരാണു് എന്നു വാദിച്ചു 'താഴ്ന്നവരെ' താഴ്ത്തിത്തന്നെ വീഴ്ത്തുവാൻ ത്രികരണങ്ങളാലും സാഹസപ്പെടുന്ന ജാതിമേധാവിത്വം മനുഷ്യന്റെ സമുദായസ്വാതന്ത്ര്യത്തിന്റെ സിരാരോധം ചെയ്യുന്ന കൊടിയ സംഘടിതഹിംസയാണു്.

x x x x

ഇങ്ങനെ ഒരു ദീർഘമായ വിവരപ്പട്ടിക ഉണ്ടാക്കാവുന്ന സംഘടിതഹിംസയെ എതിർക്കുന്നതിനു ഗാന്ധിജി ഉപവാസം അനുഷ്ഠിക്കുന്നതിൽ ബോംബേപത്രങ്ങൾ, അനുകൂലിക്കുന്നില്ല.

x x x x

രക്തസാക്ഷികളുടെയും, പീഡാനുഭവങ്ങൾകൊണ്ടു ലോകചരിത്രത്തിൽ മായാത്ത മുദ്ര പതിച്ച ത്യാഗികളുടെയും, പ്രവാചകന്മാരുടെയും മതപുരുഷന്മാരുടെയും ജീവിതങ്ങൾ ഒട്ടൊഴിയാതെ ഈ സംഘടിതഹിംസയുടെ നേരെയുള്ള എതിർപ്പുകളായിരുന്നുവെന്നുള്ളതു് നിസ്തർക്കമാണു്. ഗാന്ധിജിയെ ഒരു മഹാത്മാവാക്കിത്തീർത്തതു് ഈ മാതിരി എതിർപ്പുകൾ അല്ലെങ്കിൽ പിന്നെ എന്താണു്? ബോംബേപത്രങ്ങൾ ഗാന്ധിജിയുടെ മാഹാത്മ്യത്തെയോ മാംസത്തെയോ ഏതിനെ പരിരക്ഷിക്കാനാണു ആഗ്രഹിക്കുന്നതെന്നു മനസ്സിലാകുന്നില്ല. സംഘടിതഹിംസയെ നേരിടുന്നതിനു ഉപവാസം ഒരു ഉപകരണമാണോ എന്നുള്ള കാര്യത്തിൽ സംശയമുണ്ടെങ്കിലേ ബോംബേപത്രങ്ങളെ ന്യായീകരിക്കുക സാധ്യമാവൂ.

## മഹദ്വചനങ്ങൾ

ഈശ്വരനെ സഹായിക്കുന്നതിലും അനേകായിരമടങ്ങു നല്ലൂ നിങ്ങളുടെ സന്താനങ്ങളെ സ്നേഹിക്കുന്നതാണു്. കുഞ്ഞുങ്ങൾക്കു നിങ്ങളുടെ സഹായം ആവശ്യമുണ്ടു്; ദൈവം നിങ്ങളുടെ സഹായംകൂടാതെയും കഴിഞ്ഞുകൂടിക്കൊള്ളും! ഇംഗർസാൾ.

ഒരു മനുഷ്യന്റെ മതവിശ്വാസം ഏതു രൂപത്തിലാണെന്നു് അവന്റെ ജീവിതരീതികൊണ്ടു നിർണ്ണയിക്കാം. എമേഴ്സൺ.

എന്തെങ്കിലുമൊന്നു ചെയ്യണമെന്നുള്ളതു പഠിപ്പില്ലാത്തവന്റെ ആദർശമാണു്; എന്തെങ്കിലും ഒന്നായിട്ടുതീരണം എന്നതു വിദ്വാന്റെ പുരുഷാർത്ഥവുമാണു്. ഗെഥെ

എന്നെക്കൂടാതെ ദൈവം ദൈവമാകയില്ല; ദൈവം ഉണ്ടായിരിക്കണമെങ്കിൽ ഞാൻകൂടി അവശ്യം ഉണ്ടായിരിക്കണം. ഏഞ്ജലസ് സെലീഷ്യസ്

സ്വർണ്ണത്തെ തീകൊണ്ടും, സ്ത്രീയെ സ്വർണ്ണംകൊണ്ടും, പുരുഷനെ സ്ത്രീയെക്കൊണ്ടും പരീക്ഷിക്കാവുന്നതാണു്. ബെഞ്ചമിൻ ഫ്രാങ്ക്ലിൻ.

സ്വർഗ്ഗത്തിലെ സേവകവൃത്തിയെക്കാൾ നരകത്തിലെ ഭരണമാണു ശ്രേഷ്ഠമായിട്ടുള്ളതു്. മിൽട്ടൺ

ശാശ്വതവും ദിവ്യവുമായ ഈ പ്രപഞ്ചം ഒരാളിലേക്കു ചുരുങ്ങുക, അഥവാ ഒരാൾ ഈശ്വരനോളംതന്നെ വലുതാകുക, അതാകുന്നു യഥാർത്ഥമായ സ്നേഹം. വിക്ടർ യൂഗോ

# ശ്രീ പത്മനാഭസ്വാമിക്ഷേത്രം

## അതിന്റെ പുരാതനത്വം

എസ്. ശങ്ക അയ്യർ. അസി. സർവ്വാധികാര്യക്കാർ

വൈഷ്ണവ ആഴ്‌വാർമാരുടെ പാട്ടുകളിൽ കീർത്തിച്ചിരിക്കുന്ന മലനാട്ടിലെ ആറു പുണ്യക്ഷേത്രങ്ങളിൽ ഒന്നാണു് തിരുവിതാംകൂറിന്റെ ഇന്നത്തെ രാജധാനിയായ തിരുവനന്തപുരം. ഭാരതം മുഴുവനും ഒരു പുണ്യാത്മാവെന്നും കവിയെന്നും പേർ പെററ ശ്രീകൃഷ്ണപരമഭാഗവതനായ വില്വമംഗലസ്വാമികളുമായി ബന്ധപ്പെട്ടിരിക്കുന്ന ശ്രീപത്മനാഭസ്വാമിക്ഷേത്രമാണു് തിരുവനന്തപുരത്തിന്റെ ആകർഷകത്വത്തിനു പ്രധാനകാരണമായിരിക്കുന്നതു. ഈ ക്ഷേത്രസ്ഥാപനത്തെ സംബന്ധിച്ചു ഒരു ഐതിഹ്യമുണ്ടു്. വില്വമംഗലം സ്വാമികൾ സാളഗ്രാമപൂജ നടത്തിക്കൊണ്ടിരിക്കുമ്പോൾ തന്റെ ഇഷ്ടദൈവം ഒരു ശിശുവേഷത്തിൽ പ്രത്യക്ഷപ്പെട്ടു ശിശുസഹജമായ ചാപല്യത്തോടെ സാളഗ്രാമങ്ങൾ മാററികളഞ്ഞു. ഈ ചാപല്യങ്ങൾ കാട്ടിയ ശിശു ആരെന്നറിയാതെ സ്വാമികൾ അസ്വസ്ഥചിത്തനായി. സമാധിയിൽ നിന്നും പൂർണ്ണമായും പ്രതിവർത്തിക്കാതെ കുട്ടിയെ പുറംകൈകൊണ്ടു അകററി നിറുത്തി. ഉത്തരക്ഷണത്തിൽ ആ ശിശു ഇപ്രകാരം പറഞ്ഞുകൊണ്ടു അപ്രത്യക്ഷമായി. "നീ ധ്യാനിച്ചുകൊണ്ടിരിക്കുന്ന നിന്റെ ഇഷ്ടദൈവം ഞാനല്ലാതെ മററാരുമല്ല. എന്നെ ഇനി അനന്തൻകാട്ടിൽ വച്ചേ നിനക്കു ദർശിക്കുവാൻ കഴിയൂ."

സ്വാമിയാർ സമാധിയിൽ നിന്നും പെട്ടെന്നു് ഉണർന്നു. അപ്പോഴാണു് ആ സംഭവത്തെക്കുറിച്ചുള്ള യാഥാർത്ഥ്യം മനസ്സിലായതു്. ചെയ്തതിനെ ഓർത്തു അദ്ദേഹം പശ്ചാത്തപിച്ചു; ഭഗവദ്ദർശനാഭിലാഷം വർദ്ധമാനമായി സ്വാമിയാർ വീട്ടുവിട്ടു അനന്തങ്കാടന്വേഷിച്ചു പല ദിക്കുകളിലും സഞ്ചരിച്ചു. ഇങ്ങനെ അലഞ്ഞുതിരിയുമ്പോൾ ഒരു പുലയിയിൽ നിന്നും താൻ അനന്തൻകാട്ടിനു വളരെ ദൂരെയല്ലാത്ത ഒരു സ്ഥലത്തെത്തിയിരിക്കയാണെന്നു മനസ്സിലാക്കി. രണ്ടുനാലടി പിന്നെയും നടന്നു കാണുകയില്ല, അതിനു മുമ്പായി സ്വാമിയാർ ഒരു മണിനിനദം കേട്ടു. നോക്കിയപ്പോൾ ഭഗവാൻ ഒരു ശിശുരൂപത്തിൽ ഒരു ഇലുപ്പവൃക്ഷത്തിലേക്കു മറയുന്നതു കണ്ടു. ഉടനെ തന്നെ ആ വൃക്ഷം ഞെരിഞ്ഞൊടിഞ്ഞു നിലംപതിച്ചു. നോക്കുമ്പോൾ ഭഗവാൻ വില്വമംഗലത്തിന്റെ മുമ്പിൽ അനന്തശയനം ചെയ്തുകൊണ്ടു പ്രത്യക്ഷപ്പെട്ടിരിക്കുന്നു. വില്വമംഗലത്തിനു ഭഗവദ്ദർ—

ആനന്ദമുണ്ടായി. അദ്ദേഹം ആ പ്രദേശത്തുതന്നെ അനന്തശായിയെ പ്രതിഷ്ഠിക്കുവാൻ ഒരു ക്ഷേത്രം പണിയിച്ചു. ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിലെ ശ്രീകോവിൽ ഇതാണെന്നാണു പറയപ്പെടുന്നതു്.

ഈ ഐതിഹ്യത്തിനു് അതർഹിക്കുന്ന വില കല്പിച്ചാൽ മതി. വില്വമംഗലസ്വാമിയാർ ക്രിസ്ത്വബ്ദം 13-ാം ശതകത്തിലാണു ജീവിച്ചിരുന്നതെന്നു് ഊഹിക്കുവാൻ ഇപ്പോൾ തെളിവുകൾ ലഭിച്ചിട്ടുണ്ടു്. എന്നാൽ അതിനു വളരെ മുമ്പുതന്നെ ശ്രീപത്മനാഭസ്വാമിക്ഷേത്രം ഉണ്ടായിരുന്നു എന്നു വിചാരിക്കാൻ ന്യായങ്ങൾ കാണുന്നുണ്ടു്. അങ്ങനെയാണെങ്കിൽ വില്വമംഗലം സ്വാമിയാരുടെ നാമം ഈ ക്ഷേത്രവുമായി ബന്ധപ്പെടുന്നതെങ്ങനെ? ഈ ചോദ്യത്തിനു സംശയാസ്പദമായ ഉത്തരമേയുള്ളു. ഉള്ളൂർ പരമേശ്വരയ്യരുടെ 'വില്വമംഗലം സ്വാമിയാർ' എന്ന രസകരമായ ലേഖനത്തിൽ വില്വമംഗലം വടക്കൻപറവൂരിൽ പുത്തൻചിറയെന്ന ദേശത്താണു് ജനിച്ചതെന്നു പ്രസ്താവിക്കുന്നു. ഇതു ശരിയായിരിക്കണം. പുത്തൻചിറയിലെ പ്രശസ്തമായ പല സ്ഥലങ്ങളെയും കുറിച്ചുള്ള ഐതിഹ്യങ്ങളിൽ വില്വമംഗലം സ്വാമിയാരുടെ പേരും ചേർത്തു കാണുന്നു. പാറമേൽ തൃക്കോവിൽ എന്ന കൃഷ്ണക്ഷേത്രവും വില്വമംഗലപ്പറമ്പു് എന്നു വിളിക്കപ്പെടുന്ന ഒരു പാറക്കെട്ടും ഇക്കൂട്ടത്തിൽ പെട്ടവയാണു്. വില്വമംഗലം സ്വാമി നിത്യപൂജ നടത്തിയിരുന്ന സ്ഥലമാണു് ആ കൃഷ്ണക്ഷേത്രമെന്നും യോഗാഭ്യാസം ചെയ്തുകൊണ്ടിരുന്ന ആശ്രമമാണു് ആ പാറക്കെട്ടെന്നും പറയുന്നുണ്ടു്. കൊച്ചിയിലെ നമ്പൂതിരികേന്ദ്രങ്ങളിലൊന്നായ തൃശ്ശൂരിലെ തെക്കേമഠത്തിലുള്ള ഒരു സന്യാസിയായിരുന്നു വില്വമംഗലം എന്നും ശ്രീ. പരമേശ്വരയ്യർ പറയുന്നുണ്ടു്. ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിൽ പുഷ്പാഞ്ജലി നടത്തുവാൻ അധികാരമുള്ള രണ്ടു സന്യാസിമഠങ്ങളിൽ ഒന്നായ തിരുവനന്തപുരത്തെ മിത്രാനന്ദപുരം പടിഞ്ഞാറെ മഠത്തിലെ സ്വാമിയാരായി വില്വമംഗലത്തിനെ തിരഞ്ഞെടുത്തതായിരിക്കാമെന്നു് വിചാരിക്കാൻ എളുപ്പമുണ്ടു്. തൃശ്ശൂരിലെ സ്വാമിയാർമാരിൽ ഒന്നിൽ നിന്നാണു് മിത്രാനന്ദപുരം പടിഞ്ഞാറെ മഠത്തിലേക്കു സ്വാമിയാർമാരെ മുമ്പിനാലെ തന്നെ എടുത്തിരുന്നതെന്നുള്ളതു പ്രസിദ്ധമായ കാര്യമാണു്. പടിഞ്ഞാറെ മഠത്തിന്റെ പരിസരത്തു കാണുന്ന കൃഷ്ണസ്വാമിക്ഷേത്രമാണു വില്വമംഗലത്തിന്റെ സമാധിസ്ഥാനമെന്നു വിശ്വസിച്ചുപോരുന്നു.

പത്മനാഭസ്വാമിക്ഷേത്രത്തിന്റെ സ്ഥാപനകാലം മുതൽക്കുള്ള സംഭവങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നതെന്നു വിശ്വസിക്കുന്ന മതിലകം ഗ്രന്ഥവരിയിൽ ഈ ക്ഷേത്രത്തിനു കലിദിനം 950-നു് ബി. സി. 2097-ാമാണ്ടുമുതലുള്ള ചരിത്രം കാണുന്നു. ഈ രേഖ വച്ചുകൊണ്ടു നോക്കിയാൽ ദിവാകരസ്വാമിയാണു് പത്മനാഭസ്വാമിക്ഷേത്രം പ്രതിഷ്ഠിച്ചതെന്നു കാണുന്നു. ഈ അഭിപ്രായത്തെ 'അനന്തശയനക്ഷേത്രമാഹാത്മ്യം' എന്ന സംസ്കൃതഗ്രന്ഥവും അനുകൂലിക്കുന്നുണ്ടു്. എന്നാൽ ഈ ദിവാകരൻ ആരാണു്? അദ്ദേഹം ഒരു ചരിത്രപുരുഷനോ അതോ ഐതിഹ്യപുരുഷനോ? ചരിത്രപുരുഷനാണു് എങ്കിൽ അദ്ദേഹം യഥാർത്ഥത്തിൽ ഏതുകാലത്തു ജീവിച്ചിരുന്നു? ഈ കാര്യങ്ങൾ ഇതുവരെ വെളിവായിട്ടില്ല.

## പുരാതനസാഹിത്യം

ചില പണ്ഡിതന്മാരുടെ അഭിപ്രായം 'സംഘകാലത്തെ' സാഹിത്യത്തിൽ ശ്രീപത്മനാഭസ്വാമിക്ഷേത്രത്തെക്കുറിച്ചുള്ള പരാമർശം കാണുന്നുണ്ടെന്നാണു്. സംഘകാലം ക്രിസ്ത്വബ്ദം ആദ്യത്തെ മൂന്നു ശതകങ്ങളാണു്. പുരാതനചേരരാജാക്കന്മാരുടെ കീർത്തിയെ വാഴ്ത്തുന്ന ഒരു സംഘകാലകൃതിയായ പതിററുപ്പത്തു നാലാംഭാഗത്തിൽ ചേരരാജ്യത്തെ വിഷ്ണുക്ഷേത്രാരാധകന്മാരുടെ സ്വഭാവത്തെ കാണിക്കുന്ന ഒരു ഭാഗമുണ്ടു്. ; അതിങ്ങനെയാണു്. "കാമാൽ - കർമ്മലായ് — അലങ്കാർ- ശെൽവൻ- ചേവടി -പരവി." ഇതിന്റെ വ്യാഖ്യാതാവു് ആരെന്നും എക്കാലത്തു ജീവിച്ചിരുന്നെന്നും അറിവില്ല. അദ്ദേഹം 'ശെൽവൻ' എന്ന പദത്തിനു് 'തിരുവനന്തപുരത്തെ തിരുമാൽ' എന്നാണു വ്യാഖ്യാനം കൊടുത്തിരിക്കുന്നതു്. അതായതു് തിരുവനന്തപുരത്തെ വിഷ്ണു എന്നർത്ഥം. അതുപോലെതന്നെ സംഘകാലേതിഹാസമായ ചിലപ്പതികാരത്തിൽ ചേരരാജാവായ ചെങ്കുട്ടുവന്റെ കാശിജൈത്രയാത്രയെ പററി വർണ്ണിക്കുമ്പോൾ ചെങ്കുട്ടുവന്റെ യാത്രാരംഭത്തിൽ ആടകമാടത്തിൽ അനന്തശയനം കൊള്ളുന്ന നാഥന്റെ പ്രസാദവുമായി ചിലയാളുകൾ വന്നുചേർന്നു എന്നു പ്രസ്താവിക്കുന്നുണ്ടു്. ചിലപ്പതികാരത്തിന്റെ വ്യാഖ്യാതാവു് ആരെന്നും എക്കാലത്തു ജീവിച്ചിരുന്നെന്നും നിശ്ചയമില്ല. അദ്ദേഹം ആടകമാടം എന്നതിനു്, തിരുവനന്തപുരം എന്നു വ്യാഖ്യാനത്തിൽ പറഞ്ഞുകാണുന്നു. ഇതു വിപുരവുമായിരിക്കാമെന്നും അദ്ദേഹത്തിനു വികല്പമുണ്ടു്. ഈ ഭാഗം തിരുവനന്തപുരത്തെ പത്മനാഭസ്വാമി ക്ഷേത്രത്തെക്കുറിച്ചായിരിക്കണമെന്നു പറയുന്നുണ്ടു്. ഇ

## ഏജൻറന്മാരുടെ ശ്രദ്ധയ്ക്കു്

നവജീവൻ ഏജൻറന്മാരുടെ പേരുവിവരം അടുത്തലക്കത്തിൽ പ്രസിദ്ധപ്പെടുത്തുന്നതാണു്. എല്ലാ ഏജൻറന്മാരും അതാതുമാസം 10-ം 25-ം തീയതികളിൽ ആഫീസിൽ കിട്ടത്തക്കവണ്ണം അവരവർക്കുവേണ്ട പത്രത്തിന്റെ കമ്മിഷൻ നീക്കിയുള്ള തുക അയച്ചുതരേണ്ടതാകുന്നു. അല്ലാതിരുന്നാൽ ആ ലക്കം പത്രം എത്തിച്ചുതരുന്നതിനു പ്രയാസമാണെന്നും അതിൽ ആർക്കും അപ്രിയം തോന്നരുതെന്നും അറിയിച്ചുകൊള്ളുന്നു.

മാനേജർ. നവജീവൻ,
ശിവഗിരി, വർക്കല.

കാരണത്താൽ തിരുവനന്തപുരം പത്മനാഭസ്വാമി ക്ഷേത്രം സംഘകാലത്തുണ്ടായിരുന്നെന്നു അഭ്യൂഹിക്കാം.

മുകളിൽ പ്രസ്താവിച്ച പതിറ്റുപ്പത്തിന്റെ വ്യാഖ്യാനത്തെ ഇതുവരെ ആരും ആക്ഷേപിച്ചിട്ടില്ല. എന്നാൽ ചിലപ്പതികാരത്തിൽ കാണുന്ന ആടകമാടം എന്താണെന്നും ഏതാണെന്നും ഉള്ളതിനെക്കുറിച്ച് മതഭേദമുണ്ട്. ചിലപ്പതികാരത്തിൽ ആടകമാടമെന്നുള്ളതു അതിന്റെ സാധാരണ അർത്ഥത്തിലാണ് പ്രയോഗിച്ചിരിക്കുന്നതെന്നു അഭിപ്രായപ്പെടുന്ന മി. എം. രാഘവയ്യങ്കാർ പറയുന്നതു പ്രസ്തുത ക്ഷേത്രം കൊങ്ങുനാട്ടിലെ വിഷ്ണുക്ഷേത്രമാണെന്നാണ്. കഴിഞ്ഞുപോയ മി. കെ. ജി. ശേഷയ്യരുടെ അഭിപ്രായം ആടകമാടം തൃപ്പൂണിത്തുറയോ, കൊച്ചിയിലെ തൃക്കണാമതിലകത്തെ ഏതെങ്കിലും പ്രദേശമോ ആയിരിക്കണമെന്നാണ്. ചിലപ്പതികാരം ശ്രദ്ധിച്ചു വായിച്ചുനോക്കിയാൽ ഈ പണ്ഡിതന്മാരുടെ അഭിപ്രായങ്ങളംഗീകരിക്കുന്നതിനു വിഷമമുണ്ടെന്നു കാണാം. ചിലപ്പതികാരകർത്താവു വർണ്ണിക്കുന്ന വിഷ്ണു, അനന്തശയനരൂപത്തിലാണെന്നുള്ള കാര്യം ഈ രണ്ടുപേരും ഗൗനിക്കുന്നതായി തോന്നുന്നില്ല. മുൻപറഞ്ഞ ഏതെങ്കിലും സ്ഥലത്തു ഒരു അനന്തശയനമുണ്ടോ എന്നുള്ളതു ഇനിമേൽ കണ്ടുപിടിക്കേണ്ടിയിരിക്കുന്നു.

തിരുവനന്തപുരത്തെയും ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തെയുംകുറിച്ചു വരാഹപുരാണത്തിൽ ഒരു പ്രസ്താവമുണ്ട്.

'സ്യാനന്ദൂരേതി വിഖ്യാതം
ഭൂമേഃ ഗുഹ്യം പദം മമ
ഉത്തരേത്തു സമുദ്രസ്യ
മലയസ്യതു ദക്ഷിണേ'

അ. 150

ഈ പുരാണം എന്നുണ്ടാക്കിയതാണെന്നു തെളിവില്ല. ക്രിസ്ത്വബ്ദം ആറാംശതകത്തിലാണെന്നു ചില പണ്ഡിതന്മാർ സ്ഥാപിക്കുന്നുണ്ട്.

പത്മനാഭസ്വാമിക്ഷേത്രത്തെക്കുറിച്ചു വിശ്വാസയോഗ്യമായ പ്രസ്താവങ്ങളുള്ള ഏറ്റവും പഴയ പ്രാമാണികതമിഴ് ഗ്രന്ഥം വൈഷ്ണവഭക്തനായ നമ്മാഴ്വാർ രചിച്ച ഒരു സ്തോത്രഗ്രന്ഥമാണ്. ഈ ഭക്തൻ തിരുവനന്തപുരത്തെ തിരുഅനന്തപുരമെന്നാണു പറഞ്ഞിരിക്കുന്നതു. പത്മനാഭൻ സർപ്പശയനത്തിൽ പള്ളികൊള്ളുന്നതായി വർണ്ണിക്കുന്നുമുണ്ട്. നമ്മാഴ്വാർ ക്രിസ്ത്വബ്ദം 9-ാം ശതകത്തിനോടടുത്ത കാലത്താണു ജീവിച്ചിരുന്നതെന്നു പൊതുവേ സമ്മതിച്ചിട്ടുണ്ട്. നമ്മാഴ്വാറിന്റെ പാട്ടുകളിൽ ശ്രീപത്മനാഭക്ഷേത്രത്തെപ്പറ്റി പറയുന്നതുകൊണ്ടു ആ ക്ഷേത്രം 9-ാം ശതകത്തിൽ ഉണ്ടായിരുന്നു എന്നതിനു ആ പാട്ട് ഒരു പ്രമാണമാണ്.

കന്യാകുമാരിക്ഷേത്രത്തിന്റെ പ്രാകാരത്തിൽ പാണ്ഡ്യരാജാവായ പരാന്തകൻ കൊത്തിച്ചിട്ടുള്ള ശിലാലേഖനമാണ് ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തെ സംബന്ധിച്ച ഏറ്റവും പഴക്കമുള്ള ചുവർരേഖ. ഈ ശിലാലേഖനത്തിന്റെ കാലം ക്രിസ്ത്വബ്ദം 12-ാംശതകമായിരിക്കണമെന്നു കഴിഞ്ഞുപോയ മി. ഗോപിനാഥറാവു സ്ഥാപിച്ചിട്ടുണ്ട്. 'അതിൽ പരാന്തകൻ ചോളരാജാവിനെ തോല്പിച്ചു കൂപകരാജാവിന്റെ പുത്രിയെ വിവാഹം ചെയ്യുന്നതായും തന്റെ ആധിപത്യം നടത്തപ്പെട്ട വിളിഞ്ഞം കൈവശപ്പെടുത്തിയെന്നും കണ്ടലൂർശാലയിലെ ആയുധപ്പുര നശിപ്പിച്ചെന്നും അനന്തപുരത്തെ ദൈവത്തിനു അസാധാരണ ശില്പവൈചിത്ര്യമുള്ള പത്തുസ്വർണ്ണവിളക്കുകൾ വയ്പിച്ചെന്നും അതിന്റെ ചിലവിലേക്കു തായനല്ലൂർഗ്രാമം വിട്ടുകൊടുത്തെന്നും പറഞ്ഞിരിക്കുന്നു. കണ്ടലൂർശാലൈ എന്നു ഈ ശിലാലേഖനത്തിൽ പറയുന്നതു വലിയശാലയാണ്. അനന്തപുരമെന്നതു തിരുവനന്തപുരവുമാണ്.

ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിലുള്ളതിൽ ഏറ്റവുംപഴക്കമുള്ള ലേഖനം വേണാട്ടുരാജാവായ ശ്രീ വീരരാമൻ കേരളവർമ്മയുടേതാണ്. ക്ഷേത്രത്തിന്റെ പുരോഭാഗത്തുള്ള മണ്ഡപത്തിന്റെ താഴത്തെ ഭാഗത്താണ് അതു കൊത്തിയിരിക്കുന്നതു. അതിൽ കൊല്ലം 384 എന്നു കൊത്തിയിട്ടുണ്ട്. അതായതു ക്രിസ്ത്വബ്ദം 1210. നമ്മാഴ്വാരുടെ പാട്ടിൽ കാണുന്നതുപോലെ ഇവിടെയും തിരുവനന്തപുരത്തെ തിരുഅനന്തപുരം എന്നാണു പറഞ്ഞുകാണുന്നതു. ഈ ശിലാലേഖനത്തിന്റെ ഉദ്ദേശ്യം, പങ്കുനിഉത്രത്തിനു ഒരു വഴിപാടു നടത്തുവാൻ പട്ടിവരായൻ, ക്ഷേത്രത്തിലേക്കു ദാനംചെയ്ത ഒരു വസ്തു രജിസ്ട്രാക്കുക എന്നുള്ളതാണ്.

(തുടരും)

(Travancore Information)


# ജീവിതോത്സവം

ഗ്രന്ഥകർത്താ: എം. പി. അപ്പൻ, എം. എ., എൽ. ടി.,

വിശ്വമഹാകവിയായ ഉമർഖയ്യാമിന്റെ കാവ്യതല്ലജവും സൗന്ദര്യാരാധകന്മാരുടെ ഗീതമായ റുബായിയാത്തിന്റെ നവീനതർജ്ജമ. ഫിററ്സ്ജെറാൾഡിന്റെ ഇംഗ്ലീഷ് തർജ്ജമയും ശ്രീ. വെള്ളംകെളത്തു കരുണാകരൻനായർ (Bsc.LT) അവർകളുടെ പ്രൗഢസരസമായ വ്യാഖ്യാനവും ചേർത്തു അടിച്ചിട്ടുള്ളതു. മനോഹരമായി മുദ്രണംചെയ്തിട്ടുള്ളതും നൂറിൽ പരം പുറങ്ങളോടുകൂടിയതുമായ ഈ ഗ്രന്ഥത്തിനു ഒന്നര രൂപയേ വിലവച്ചിട്ടുള്ളു.

ആവശ്യപ്പെടുക
സെക്രട്ടറി
ശ്രീ സേതു പാർവതീബായി ഗ്രന്ഥശാല
കുമ്മോളൂർ, കോട്ടയം

വേദാന്തദർശനം

II

# മതത്രയം

പണ്ഡിതമഹോപാധ്യായ ശിരോമണി,
കെ. ബാലരാമപ്പണിക്കർ.

ബാദരായണകൃതമായ ചതുരധ്യായിയാണ് വേദാന്തദർശനമെന്ന പേരിൽ അറിയപ്പെടുന്ന ഏകഗ്രന്ഥം. ഉപനിഷത്തുകളാണ് അതിന് പരമാധാരം. വേദാന്തദർശനത്തെ ഉപനിഷത് സിദ്ധാന്തമെന്നും വേദാന്തികളെ ഔപനിഷദന്മാർ എന്നും വ്യവഹരിക്കാറുണ്ട്. ഉപനിഷത് സിദ്ധാന്തങ്ങളുടെ ഉപപാദനമാണ് പ്രകൃതഗ്രന്ഥത്തിന്റെ സ്വരൂപം. പ്രതിപാദ്യവിഷയത്തെ വിഭജിച്ച് ക്രമാനുസൃതം വിഭിന്നാധികരണാധ്യായങ്ങളിൽ പ്രതിപാദിക്കുകയും അർത്ഥവിചാരപൂർവം ഉപനിഷദ്വാക്യങ്ങളെയും തദനുകൂലങ്ങളായ പ്രമാണാന്തരങ്ങളെയും അവലംബിച്ച സ്വപക്ഷസ്ഥാപനവും പരപക്ഷനിരാകരണവും നിർവഹിക്കുകയുമാണ് ചതുരധ്യായിയിൽ ചെയ്തിട്ടുള്ളത്. അനുകൂലങ്ങളായ ഇതര പ്രമാണങ്ങളെ സ്വീകരിക്കുന്നുവെങ്കിലും വേദാന്തദർശനത്തിനു മുഖ്യപ്രമാണം ശ്രുതിയും ശ്രുതിമൂലകങ്ങളായ സ്മൃത്യാദികളുമത്രേ. വേദാന്തമതസ്ഥാപനം ചെയ്തിട്ടുള്ള എല്ലാ ആചാര്യന്മാരും ഈ രീതിതന്നെ അംഗീകരിച്ചിരിക്കുന്നു. വേദാന്തദർശനത്തിന്റെ സ്വഭാവമിതായിരിക്കേ പരസ്പരം ഭിന്നങ്ങളായ മതഭേദങ്ങൾ ഈ ദർശനത്തിൽ എങ്ങനെ ഉദയം ചെയ്തു എന്ന ചോദ്യം ഇവിടെ സംഗതമാണ്. "വ്യാഖ്യാനഭേദംകൊണ്ട്" എന്നു ഈ ചോദ്യത്തിനു മറുപടി പറയാം. സ്വപക്ഷസ്ഥാപനനൈർദയ്യംമൂലം പ്രമാണത്തെയും സ്വാഭിപ്രായാനുസാരം അതാതു മതക്കാർക്ക് വ്യാഖ്യാനിക്കേണ്ടിവന്നിട്ടുണ്ട്. വേദാന്തദർശനത്തിൽ ഒട്ടനേകം മതഭേദങ്ങളുണ്ടെങ്കിലും അദ്വൈതം ദ്വൈതം വിശിഷ്ടാദ്വൈതം എന്നു മൂന്നു മതങ്ങൾ പ്രധാനങ്ങളാണ്. അദ്വൈതത്തെ ശങ്കരദർശനമെന്നും ദ്വൈതത്തെ മധ്വദർശനമെന്നും വിശിഷ്ടാദ്വൈതത്തെ രാമാനുജദർശനമെന്നും വിളിക്കുന്നു. മതസ്ഥാപകന്മാരുടെ പേരുകളെ പുരസ്കരിച്ചുള്ള സംജ്ഞാന്തരങ്ങളാണവ. ബ്രഹ്മസൂത്രം (ചതുരധ്യായി) ഉപനിഷത്തുകൾ ഗീത ഇവയെ വ്യാഖ്യാനിച്ചാണ് അവർ സ്വമതസ്ഥാപനം ചെയ്തിട്ടുള്ളത്. അതുകൊണ്ടു ഇവയെ (ബ്രഹ്മസൂത്രാദികളെ) "സർവ്വമൂലങ്ങൾ" എന്നും വിളിക്കാറുണ്ട്. സ്വാഭിപ്രായാനുകൂലങ്ങൾ എന്നു കണ്ടാൽ മററു സ്മൃതികളെയും പുരാണേതിഹാസങ്ങളെയും സ്വീകരിക്കുവാൻ അവർ മടിച്ചിട്ടില്ല.

ഒരു കാര്യംകൂടി ഇവിടെ വ്യക്തമാക്കേണ്ടതുണ്ട്. ഒരു തത്വത്തെ ഇദംപ്രഥമമായി കണ്ടുപിടിക്കുന്നവരേയും അവതരിപ്പിക്കുന്നവരേയുമാണ് "ഉപജ്ഞാതാക്കൾ" എന്നു പറയുന്നത്. അങ്ങനെയുള്ള ഉപജ്ഞാതൃത്വം അദ്വൈതാദിമതങ്ങളെ സംബന്ധിച്ച് ശങ്കരാദികൾക്കില്ലതന്നെ. അവർ അതിന്റെ സ്ഥാപകന്മാർ മാത്രമാണ്. തത്വചിന്ത തുടങ്ങിയ കാലത്തുതന്നെ ഈ മൂന്നു സിദ്ധാന്തങ്ങളും ആവിർഭവിച്ചിട്ടുണ്ട്. ബ്രഹ്മസൂത്രാദികളെ വ്യാഖ്യാനിച്ചാണ് ഈ ആചാര്യന്മാർ സ്വമതസ്ഥാപനം ചെയ്യുന്നുവെന്നു പറയുമ്പോൾ അവർക്കു മുമ്പും ആ മതങ്ങൾ ഉണ്ടായിരുന്നുവെന്നു അവർതന്നെ സമ്മതിക്കുന്നതായും അവർ അവയുടെ സ്ഥാപകന്മാരോ പ്രചാരകന്മാരോ മാത്രമാണെന്നും തെളിയുന്നു. ഉപനിഷത്തുകളെ ആശ്രയിച്ചു നിൽക്കുന്ന ഈ സിദ്ധാന്തങ്ങളുടെ കാലം ഉപനിഷത്തുകളുടെ കാലംതന്നെയാണ്. വിഭിന്നങ്ങളായ വീക്ഷണകോണങ്ങളിൽപ്പെട്ട സ്വതന്ത്രങ്ങളായും അസ്വതന്ത്രങ്ങളായും ഈ ആചാര്യത്രയത്തിന്റെ ഉദയത്തിനു മുമ്പുതന്നെ ഈ സിദ്ധാന്തത്രയം ഭൂമുഖത്തു പ്രത്യക്ഷമായിട്ടുണ്ട്. അദ്വയവാദിയും മായാവാദിയുമായ ബുദ്ധദേവന്റെ സൂക്തങ്ങളിൽക്കൂടിയാണ് അദ്വൈതതത്വം സ്വതന്ത്രമായും പ്രത്യേകമായും ആവിർഭവിച്ചതു്. സൌഗതവാദചതുഷ്ടയത്തിൽ ജ്ഞാനവാദവും ശൂന്യവാദവും ഈഷന്മാത്രഭേദത്തോടുകൂടിയ അദ്വൈതവാദം തന്നെയാണ്. ഈ വിഷയത്തിൽ അദ്വൈതാഭിമുഖമായി ദ്വൈതികൾ ചൊരിഞ്ഞിരിക്കുന്ന ആക്ഷേപോക്തികളുടെ അന്തഃസാരം ശിരസാവഹിക്കാതെ തരമില്ല. സാങ്ഖ്യ-ന്യായ വൈശേഷികാദി മതങ്ങളിലെ ദ്വൈതവാദം പ്രകടവും പ്രസിദ്ധവുമത്രെ. അതുപോലെ പഞ്ചരാത്രാദികളിൽ വിശിഷ്ടാദ്വൈതസിദ്ധാന്തവും സാക്ഷാത്കരിക്കാവുന്നതാണ്. ദ്വൈതാദ്വൈതവിശിഷ്ടാദ്വൈതങ്ങളിൽ ഒന്നിനെ ഉപനിഷത്തുകളിൽ ദർശിക്കുകയാണ് ബ്രഹ്മസൂത്രകാരൻ ചെയ്തതു്. ആ ബ്രഹ്മസൂത്രം അദ്വൈതപരമെന്നു ശങ്കരനും ദ്വൈതപരമെന്നു മധ്വനും വിശിഷ്ടാദ്വൈതപരമെന്നു രാമാനുജനും വാദിക്കുന്നു. ഈ വാദങ്ങളെ സാങ്ഗോപാങ്ഗമായി ഈ ലേഖനത്തിൽ വിവരിക്കുന്നതാണ്. ഇവയിൽ പ്രഥമവും പ്രധാനവുമായ ശാങ്കരദർശനത്തെ—അദ്വൈതദർശനത്തെ—ക്കുറിച്ച് ആദ്യമായി ചിന്തിക്കാം.

III

## അദ്വൈതം

അദ്വൈതപരമായ വീക്ഷണകോണത്തിൽ നിന്നുകൊണ്ടു വേദാന്തദർശനത്തെ വിശദീകരിക്കുകയും വിഭജിക്കുകയും ചെയ്യുക എന്നതു് ഇവിടെ പ്രഥമകൃത്യമാണ്. ബാദരായണകൃതങ്ങളായ സൂത്രങ്ങളെയാണല്ലോ വേദാന്തമീമാംസയെന്നും വേദാന്തദർശനമെന്നും വ്യവഹരിക്കുന്നതു്. ഇതിനെ ശാരീരകമീമാംസയെന്ന പേരിലാണ് അദ്വൈതികൾ അവതരിപ്പിക്കുന്നതു്. ശാരീരകശബ്ദത്തിനു ജീവാത്മാവ് എന്നാണ് അർത്ഥം. ആ ജീവാത്മാവിനെ സം

ബന്ധിച്ചമീമാംസാ-വിചാരം- എന്ന ഭാഗത്തിലാണ് ശാരീരകമീമാംസാപാദം നിലനില്ക്കുന്നതു്. "ജീവാത്മാവു് സ്വഭാവേന സംസാരിയോ അല്ല അവിദ്യകൊണ്ടോ എന്നാണ് സന്ദേഹം. സ്വഭാവത്തിനു നാശം സംഭവിക്കാത്തതുകൊണ്ടു സ്വഭാവമാണെന്നു പറയുന്നപക്ഷം സംസാരത്തിൽനിന്നു ആത്മാവിനു മോക്ഷം ലഭിക്കുന്നതല്ല. അതുകൊണ്ട് അവിദ്യാനിമിത്തമാണ് ആത്മാവിനു സംസാരമെന്നു സ്വീകരിക്കേണ്ടിയിരിക്കുന്നു. അവിദ്യ വിദ്യകൊണ്ടു നശിക്കുമ്പോൾ സംസാരിത്വഭ്രമം നീങ്ങി ബ്രഹ്മസ്വരൂപതാലക്ഷണമായ മോക്ഷം ലഭിക്കുന്നു" ഇങ്ങനെ തുടങ്ങുന്ന ഒരു വിചാരം ഈ ഗ്രന്ഥത്തിൽ സവിശേഷം നിലനില്ക്കുന്നുണ്ടു്. ഇതുനിമിത്തമാണ് ശാരീരകമീമാംസാ എന്ന സംജ്ഞ സംജാതമാകുന്നതു്.

ജീവബ്രഹ്മൈകതാരൂപമായ സാക്ഷാത്കാരത്തിന്റെ-മോക്ഷത്തിന്റെ-സാധകമായ ശ്രവണവിചാരത്തെ ന്യായദർശനപൂർവ്വം പ്രതിപാദിക്കുന്ന ബ്രഹ്മസൂത്രത്തിനു സ്വരൂപപാഠമായി നിലനില്ക്കുന്ന മറെറാരു സംജ്ഞയാണ് ചതുരധ്യായി-ചതുർലക്ഷണി-യെന്നതു്. നന്നാലു പാദങ്ങളുള്ള നാലു അദ്ധ്യായങ്ങൾ ഉള്ളതുകൊണ്ടാണ് ഇതിനെ ചതുരധ്യായി എന്നു വിളിക്കുന്നതു്. എല്ലാ വേദാന്തവാക്യങ്ങളും പ്രത്യഗഭിന്നവും അദ്വിതീയവുമായ ബ്രഹ്മത്തെ പ്രതിപാദിക്കുന്നവയാണ് എന്ന സമന്വയം പ്രദർശിപ്പിക്കുന്നതിനാൽ ഒന്നാം അദ്ധ്യായത്തെ സമന്വയലക്ഷണമെന്നു പറയുന്നു. അതിൽ ഒന്നാം പാദത്തിൽ സ്പഷ്ടബ്രഹ്മലിംഗയുക്തങ്ങളായ വാക്യങ്ങളെയും രണ്ടാം പാദത്തിൽ അസ്പഷ്ടബ്രഹ്മലിംഗയുക്തങ്ങളും ഉപാസ്യബ്രഹ്മവിഷയങ്ങളുമായ വാക്യങ്ങളെയും മൂന്നാം പാദത്തിൽ അസ്പഷ്ടബ്രഹ്മയുക്തങ്ങളും ജ്ഞേയബ്രഹ്മവിഷയങ്ങളുമായ വാക്യങ്ങളെയും കുറിച്ചുള്ള നിരൂപണങ്ങൾ അടങ്ങിയിരിക്കുന്നു. ഇങ്ങനെ മൂന്നു പാദങ്ങൾകൊണ്ടു വേദാന്തവാക്യവിചാരം പര്യവസാനിപ്പിച്ചിട്ട് നാലാംപാദംകൊണ്ടു സാംഖ്യമതാനുകൂല്യമുണ്ടെന്നു സംശയിക്കപ്പെടാവുന്ന ചില പദങ്ങളുടെ അർത്ഥചിന്തയാണ് നിർവ്വഹിക്കുന്നതു്. രണ്ടാം അദ്ധ്യായത്തിന്റെ പേർ വിരോധപരിഹാരമെന്നാണ്. എല്ലാ വേദാന്തങ്ങളും അദ്വൈതമായ ബ്രഹ്മത്തെ പ്രതിപാദിക്കുന്നവയാണ് എന്നു പ്രഥമാദ്ധ്യായത്തിൽ സിദ്ധിച്ച സമന്വയത്തിൽ ഒട്ടേറെ മതവിരോധങ്ങൾ ആശങ്കിക്കപ്പെടാം. അവയെ ഇവിടെ പരിഹരിച്ചു പ്രസിദ്ധങ്ങളായ പ്രമാണങ്ങളും മതങ്ങളുമായി ഈ സിദ്ധാന്തത്തിനു് വിരോധമില്ല എന്നു കാണിച്ചിരിക്കുന്നതുകൊണ്ടാണ് ഈ അദ്ധ്യായത്തിന് അവിരോധം എന്ന പേർ കൊടുത്തിരിക്കുന്നതു്. ഇതിൽ ഒന്നാം പാദംകൊണ്ടു് സാംഖ്യ-യോഗ-വൈശേഷികാദിസ്മൃതികളിൽ വേദാന്തമതത്തിനു് വിരുദ്ധമായി കാണുന്ന ഭാഗത്തെ ഖണ്ഡിക്കുകയും രണ്ടാംപാദംകൊണ്ടു് സാംഖ്യാദിമതങ്ങൾക്ക് ദുഷ്ടതാ പ്രതിപാദിക്കുകയും ചെയ്തിരിക്കുന്നു. മൂന്നാം പാദത്തിന്റെ പൂർവ്വാർദ്ധം സൃഷ്ട്യാദിശ്രുതികളുടെ പരസ്പരവിരോധപരിഹാരത്തിനായും ഉത്തരാർദ്ധം ജീവവിഷയങ്ങളായ പ്രതിപാദനങ്ങൾക്കായും വിനിയോഗിച്ചിരിക്കുന്നു. നാലാം പാദത്തിൽ ഇന്ദ്രിയാദിവിഷയകങ്ങളായ ശ്രുതിവാക്യങ്ങൾക്കു തോന്നാവുന്ന സിദ്ധാന്തവൈരുദ്ധ്യത്തിനു സമാധാനം പറയുന്നു. മൂന്നാം അദ്ധ്യായത്തിന്റെ പേർ സാധനമെന്നാണ്. സർവ്വസാധനങ്ങളെയും ഈ അദ്ധ്യായത്തിൽ നിരൂപണം ചെയ്തിരിക്കുന്നതുകൊണ്ടാണ് ഈ പേർ സിദ്ധമായതു്. ഒന്നാം പാദത്തിൽ ജീവാത്മാവിന്റെ പരലോകഗമനനിരൂപണംവഴിക്കു വൈരാഗ്യം പ്രതിപാദിച്ചിരിക്കുന്നു. രണ്ടാം പാദത്തിന്റെ പൂർവ്വാർദ്ധംകൊണ്ടു ത്വംപദാർത്ഥവും ഉത്തരാർദ്ധംകൊണ്ടു തത്പദാർത്ഥവും നിരൂപിതമായിരിക്കുന്നു. മൂന്നാം പാദത്തിൽ നിർഗ്ഗുണബ്രഹ്മത്തെ നാനാശാഖകളിലും പ്രതിപാദിച്ചിട്ടുണ്ടെങ്കിലും പുനരുക്തതയില്ലെന്നു സ്ഥാപിച്ചിരിക്കുന്നു. പ്രാസംഗികമായി സഗുണവിദ്യകൾക്കും നാനാശാഖാപാഠംകൊണ്ടു ഗുണപുഷ്ടികലത സംസിദ്ധമാകുന്നുവെന്നു സിദ്ധാന്തിക്കുന്നു. നാലാം പാദത്തിൽ നിർഗ്ഗുണബ്രഹ്മവിദ്യയുടെ ബഹിരംഗസാധനങ്ങളായ ആശ്രമധർമ്മയജ്ഞദാനാദികളെയും അന്തരംഗസാധനങ്ങളായ ശമദമനിദിദ്ധ്യാസനാദികളെയും നിരൂപണം ചെയ്തിരിക്കുന്നു. നാലാമത്തേതു് ഫലാദ്ധ്യായമാണ്. ഇതിൽ സഗുണനിർഗ്ഗുണവിദ്യകളുടെ ഫലങ്ങളെക്കുറിച്ചുള്ള പ്രതിപാദനങ്ങളാണ് അടങ്ങിയിരിക്കുന്നതു്. ശ്രവണാദികൾ ആവർത്തിച്ചാൽ നിർഗ്ഗുണബ്രഹ്മസാക്ഷാത്കാരവും ഉപാസന ആവർത്തിച്ചാൽ സഗുണബ്രഹ്മസാക്ഷാത്കാരവും ലഭിക്കുന്നതാണ്. ഈ സാക്ഷാത്കാരം ജീവിച്ചിരിക്കുന്നൊരാൾക്കു സിദ്ധിക്കുന്ന പക്ഷം പാപപുണ്യലേശസ്പർശമില്ലാത്ത ജീവന്മുക്തി ലഭിക്കുമെന്നും ആ വ്യക്തിയെ ജീവന്മുക്തനെന്നു പറയാമെന്നും പ്രതിപാദിക്കപ്പെടുന്നു. ഈ പ്രതിപാദ്യമാണു നാലാം അദ്ധ്യായത്തിലെ ഒന്നാം പാദത്തിലെ വിഷയം. രണ്ടാം പാദത്തിൽ മരണം പ്രാപിക്കുന്നവരുടെ ഉത്ക്രാന്തിപ്രകാരങ്ങളെ നിരൂപണം ചെയ്തിരിക്കുന്നു. മൂന്നാം പാദത്തിൽ സഗുണബ്രഹ്മവിത്തുകൾ മരിച്ചുകഴിഞ്ഞാൽ ലഭിക്കുന്ന ഉത്തരമാർഗ്ഗത്തെപ്പററിയുള്ള ചിന്തകൾ അടങ്ങിയിരിക്കുന്നു. നാലാം പാദത്തിൽ പൂർവ്വഭാഗംകൊണ്ടു നിർഗ്ഗുണബ്രഹ്മവിത്തുകൾക്കു ലഭിക്കുന്ന വിദേഹകൈവല്യപ്രാപ്തിയും ഉത്തരാർദ്ധംകൊണ്ടു സഗുണബ്രഹ്മവിത്തുകൾക്കു ലഭിക്കുന്ന ബ്രഹ്മലോകസ്ഥിതിയും വർണ്ണിതമായിരിക്കുന്നു. ചിത്സുഖാചാര്യമതപ്രകാരം ബ്രഹ്മസൂത്രത്തിൽ നൂററിതൊണ്ണൂററിമൂന്നു അധികരണങ്ങൾകൊണ്ടാണ് നിർദ്ദിഷ്ടവിഷയങ്ങൾ ഉപപാദിതമായിട്ടുള്ളതു്. അവയിൽ ഒന്നാം അദ്ധ്യായത്തിൽ നാല്പത്തിയൊന്നും രണ്ടാമദ്ധ്യായത്തിൽ നാല്പത്തിയേഴും മൂന്നാമദ്ധ്യായത്തിൽ അറുപത്തിയേഴും നാലാമദ്ധ്യായത്തിൽ മുപ്പത്തിയെട്ടും, അധികരണങ്ങൾ വീതം ഉണ്ട്. ഇത്രയുംകൊണ്ടു വേദാന്തദർശനത്തിന്റെ സ്വരൂപകഥനവും വിഭജനവും ഏതാണ്ടു നിർവ്വഹിച്ചുകഴിഞ്ഞു.

# ജഗത് ഗുരു

മഹാകവി പള്ളത്ത് രാമൻ

നാരായണജഗദ്ഗുരോ, ജാതിമതമൈക്യത്തിൻ
നാരായവേരായ നവയുഗ യോഗീന്ദ്ര
ജാതിയുടെ ജടിലത ചെങ്കോലെടുത്തപ്പോൾമേഘ-
ജ്യോതിസ്സെന്നപോലെ ബുദ്ധനവതരിച്ചു (നാരാ)
ജാതിമതസ്പർദ്ധയിൽ സാഹോദര്യംവെന്തുനീറി
പ്പാതിയും പാഴായിക്കണ്ടു ഭാരതാരാമം (നാരാ)
ഇന്നേവരെയുമുണ്ടായിട്ടുള്ളുദ്യാനപാലകന്മാരി-
ലൊന്നാമനാം ഗുരു ചെയ്തു സന്ദേശവർഷം (നാരാ)
ജാതിമതൈക്യത്താലിനി മലിനമാകാത്ത സംഘം
ജാതമാക്കി ജഗദ്ഗുരുവദ്വൈതവാദി (നാരാ)
രണ്ടായിരത്തഞ്ഞൂറാണ്ടുകഴിഞ്ഞിട്ടീസന്ദേശമാം
ചെണ്ടാരാമമുഴക്കിനീ ധർമ്മക്ഷേത്രത്തിൽ (നാരാ)
നാരായണധർമ്മമല്ലോ കേരളത്തിൽ മാത്രമല്ല
പാരാകവെ പരിമളംപരത്തും ധർമ്മം (നാരാ)
ഏഴകൾ കൾ, പാരതന്ത്ര്യച്ചേർക്കുഴിയിൽകഴത്തോളം
താഴവോക്കു, തലപൊക്കാം തണ്ടാരുപോലെ (നാരാ)
ചാതുർവർണ്യസാർവ്വഭൗമൻ നാരായത്താൽ
താഴ്ത്തിയിട്ട
ജാതികാരിതാന്ധകാരജാതൻ (നാരാ)
ബുദ്ധൻ, ക്രിസ്തു, നബിയെന്നീമധുമയമലർകൾ തൻ
മദ്ധ്യത്തിങ്കൽപ്പുതുമണം പുലർത്തിനിൽപൂ (നാരാ)
നാനാജാതിമതങ്ങളുമൊരേനാരിൽകോർത്തനവം
സൂനാമലമാലപോലെക്കാലം കാണട്ടെ. (നാരാ)


## ശ്രീനാരായണഫിൽമ്സ്

ജാതിമതൈക്യത്തിന്റെ ജനയിതാവായശ്രീ നാരായണന്റെയും അവിടത്തെ സന്ദേശത്തിന്റെപ്രഥമപാഠംപ്രായോഗികമാക്കിക്കാണിച്ച ശ്രീചിത്രാമശോകന്റെയും ജീവിതകഥാപദാനങ്ങളെ ചലച്ചിത്രീകരിക്കുവാനുദ്ദേശിക്കുന്നു. ഗുരുദേവന്റെ അപ്രകാശിതകഥകളെ സദയം അറിയിച്ചുതരുവാനും കമ്പനിയുടെ പ്രവർത്തനത്തിൽ സഹകരിക്കുവാനും അഭ്യർത്ഥിച്ചുകൊള്ളുന്നു.

ശ്രീനാരായണപുരം
തൃശ്ശിവപേരൂർ } പള്ളത്ത് രാമൻ.


ഗ്രന്ഥവിചാരം

## ഗീതകാഞ്ജലി

ഗ്രന്ഥകർത്താ കരുംകുളം മാധവൻ

നാല്പത്തിരണ്ടു ഗീതകങ്ങളുടെ ഒരു സമാഹാരമാണു് ഗീതകാഞ്ജലിയെന്ന ഈ ചെറുഗ്രന്ഥം. "പ്രകൃതിസൗകുമാര്യത്തിൽ കണ്ണുകളോടാതെയും പ്രതികൂലമായ ചണ്ഡമാരുതൻ ചുറ്റും കോളിളക്കിയ എപ്പോഴും നിരാശക്കയത്തിലാണ്ടുപോകാതെ'യും ഇരുന്ന കവി, തന്നെത്താനേ മറന്നിരുന്ന സന്ദർഭങ്ങളിൽ അനുഭവിച്ച ആത്മനിർവൃതിയുടെ ആവിഷ്കരണമത്രെ ഈ ഗീതകങ്ങൾ. ശ്രീ. മാധവൻ പ്രസിദ്ധപ്പെടുത്തുന്ന രണ്ടാമത്തെ ഗ്രന്ഥമാണിതു്. കൈരളിക്കു് ആദ്യം ഒരു "മലർമാല" യർപ്പിച്ച കൈകൾ ഇപ്പോൾ "അഞ്ജലി" ചെയ്യുകയാണു്.

ഗീതകത്തിന്റെ സങ്കേതങ്ങളെ ഗീതകാഞ്ജലിയിലെ പല ഗീതകങ്ങളും ചോദ്യംചെയ്യുന്നുണ്ടെങ്കിലും പ്രായേണ അവികലമായരീതിയിൽ അവയെ ചിലതിൽ അംഗീകരിച്ചു കാണുന്നുണ്ടു്.

അനായാസമധുരങ്ങളായ ഈരടികൾ ഈ ഗീതകങ്ങളിൽ ചിലതിൽ കാണ്മാനുണ്ടു്. വാസനാസമ്പന്നനായ ഒരു യുവകവിയാണു 'ഗീതകാഞ്ജലി' രചിച്ചതെന്നു നിസ്സന്ദേഹം പറവാൻ വകതരുന്ന അത്തരം വരികൾ ഒക്കെയും അനതിദൂരഭാവിയിൽ, ഒരു നല്ല യുവകവിയെ പ്രതിജ്ഞചെയ്യുന്നുണ്ടു്.

എസ്സ്. എം.

# ചിത്തമേ!

(കെ. ആർ. പരമേശ്വരൻനായർ)

I

ഭൂതകാലത്തിൻ ചരിത്രങ്ങളോർത്തോർത്തു
ഖേദക്കയത്തിലേയ്ക്കാഴേണ്ട ചിത്തമേ!
വീർപ്പുമടക്കിക്കിടക്കുമാച്ചിന്തകൾ
നീർപ്പോളകൾപോലെ താനേമറഞ്ഞുപോം
കീഴോട്ടുകീഴോട്ടുതാഴുമവയെന്തി
മേലോട്ടുമാടിവിളിക്കുവതെന്തിനോ?
പോകട്ടെ പോകട്ടെ,യെന്നാകിലും കാല-
ക്കൂപത്തിലാഴേണ്ടതാണാ ചവറുകൾ.
ആശയാമാകാശദേശത്തിലെത്രയു-
മാനന്ദപൂർവ്വം പറന്നുകളിക്കിലും
കാലവാതത്തിന്നടിയാൽ ചിറകൊടി-
ഞ്ഞാലംബമെന്നി വീഴേണമാപ്പക്ഷികൾ
അങ്ങോട്ടുദൂരേയ്ക്കകലുമവയെന്തി
ഇങ്ങോട്ടുമാടിവിളിക്കേണ്ട ചിത്തമേ!

II

ജീവിതത്തിന്റെ മുൻപന്തിയിൽ സ്വർലോക
മോഹിനിയാമൊരു കന്യയെപ്പോലവേ,
"വർത്തമാന"ത്തിൽ നയനവും ചേർത്താ
വർത്തിക്കയാണവൾ "നാളെ"യാം നായിക.
മായികമേതോമയക്കുപന്നികൊണ്ടു
പായുകയാണു നാമങ്ങവൾ പാരവേ
വെമ്പിപ്പിടയുവാനെന്തുനീ ചിത്തമേ!
മുമ്പോട്ടുപോകുമീ സന്ദർഭത്തിലും?
മർമ്മരം ചെയ്യുവതെന്തുനീയാനന്ദ-
ഹർമ്മ്യത്തിലേറാൻതുടങ്ങുമീനേരവും;
അക്കൊട്ടും ചിന്തകളിപ്പൊഴും നിന്നെ-
യുൾക്കടംതള്ളിക്കയറുവതായ് വരാം
അങ്ങോട്ടുദൂരേയ്ക്കകലുമവയെന്തി
ഇങ്ങോട്ടുമാടിവിളിക്കേണ്ടൊരിക്കലും!!

# ശ്രീനാരായണധർമ്മഃ

(ശ്രീനാരായണഗുരുദേവർ)

അഥ മതം — ശിഷ്യാ ഊചുഃ —

ഭഗവൻ പ്രക്രിയാംജാതേർ
നിശമ്യ ഭവതോമുഖാത്
തൃപ്താവയം തഥാപ്യാമഃ
ശ്രോതും മതമതഃപരം. 45

ഗുരുരുവാച —

മതമേകം മനുഷ്യാണാ
മിതിപൂർവമുദീരിതം
കീദൃക് തദിതി സംക്ഷിപ്യ
വക്ഷ്യേ ശൃണുത സാധവഃ 46

അഭിപ്രായോ മതം നാമ
മഹതാം തത്വവേദിനാം
മതസ്യസാരസ്സർവോപി
വാക്യവൈചിത്ര്യ ഭൂഷിതഃ 47

അനേകഗിരിസംഭൂത
നിമ്നഗേവ മഹോദധിം
ഏകം സനാതനം വസ്തു
പ്രാപ്യവിശ്രാമ്യതിസ്വയം 48

തത്തത് കാലസമുത്ഥാനാ
മാചാര്യാണാം മഹാത്മനാം
പന്ഥാനോർജ്ഞാനവൈചിത്ര്യാ
ദ്വിചിത്രാസ്സന്തി സർവതഃ 49

തഥാപി തേഷാമാസ്തിക്യം
പ്രാപ്യമുദ്ദേശ്യമേവ ച
ഏകതാം ദ്യോതയത്യേവ
തദേകം മതമീര്യതേ 50

മഹമ്മദാഃ ക്രൈസ്തവാശ്ച
ജൈനാ ബൗദ്ധാസ്തഥേതരേ;
ഏകതാപാദനായൈവ
പ്രവൃത്താന്ത ഗതശ്രമാഃ 51

ഏകതാമനുസന്ധാതും
സർവേഷാം ഹിതമുദ്യമഃ
ഏകമേവ മതം തേഷാം
നാത്രപക്ഷദ്വയം മതം 52

സാമാന്യസത്താ സർവേഷാം
മതാനാമനുബന്ധിനീ
ഏകൈവാതോഽപ്യേകമേവ
മതം യുക്തിചമത്കൃതം. 53

അനേകമതസിദ്ധാന്ത
മേകമജ്ഞായ ഹസ്തിനി
അന്ധാഇവ വിതണ്ഡാക്കേത
ർമ്മൂഢാ മുഹ്യന്തിതേതരേ. 54

മതാനി ജേതും ശക്യാനി
നവാദേന മിഥോബലാത്
പ്രമാദേന മതദ്വേഷീ
വാദമാത്രേണ നശ്യതി 55

സർവ്വചാത്മസുഖാവാപ്ത്യൈ
പ്രവർത്തന്തേ പ്രവർത്തകം
മതമേവ സമേഷാം ത—
ന്മതമേകം നസംശയഃ 56

ഏകതാൽ പ്രതിപാദ്യസ്യ
സർവം ച പ്രതിപാദകം
മതമേകതയൈവൈതി
കാത്രനാനാത്വകല്പനാ. 57

നിരുക്തജ്ഞാതേരേകതാ
ന്മതസ്യൈകതാമാസ്ഥിതം
മതേനാനാത്വചിന്താതു
കേവലം ഭ്രാന്തിജൃംഭിതാ 58

"മമവർത്മാനുവർത്തന്തേ
മനുഷ്യാഃ പാർത്ഥ സർവശഃ"
ഇതിഗീതാവചോപ്യത്ര
മതേ പ്രാമാണ്യമർഹതി. 59

ഏകം വർത്മാനുവർത്തന്തേ
മാനവാസ്സർവതോമതേ;
ഇത്യബാധാന്മതൈകതാ
സാധിതം സർവസമ്മതം. 60

[കഴിഞ്ഞലക്കത്തിലെ കഥാസംക്ഷേപം] പിശാചരാജനായ ബിൽസെബബ്, ക്രിസ്തുവിന്റെ ധർമ്മതത്വങ്ങൾ പ്രചരിക്കുന്നതുകൊണ്ടു തന്റെ ശക്തി നശിച്ചുവെന്നു സന്താപിക്കുന്നു. ഭൂമിയിൽ നിന്നും നരകത്തിലേക്കു പോയിരുന്നവരും തന്റെ പരിചാരകരായ പിശാചുക്കളെ വിളിച്ചുവരുത്തി ആലോചന നടത്തി. ഒരു കവുത്ത പിശാചു് നേരവിധം ആശ്വസിപ്പിച്ചില്ല. ക്രിസ്തുവിന്റെ ധർമ്മം പ്രചാരത്തിൽ [illegible] അവൻ [illegible] പറയുകയാണു്.

# പിശാചു പറഞ്ഞ കഥ

"ആ ഭയങ്കരസംഭവം നടന്നു കഴിഞ്ഞു. നരകം ഭ്രഷ്ടമായി! ഞങ്ങളുടെ പിതാവും ഭരണാധികാരിയുമായ അങ്ങ് ഞങ്ങളെ വെടിഞ്ഞു. ഈ സമയത്തു് നമ്മെയെല്ലാം നിക്കാറാവും നിഹനിച്ചുകഴിഞ്ഞ ആ ഉപദേശങ്ങൾ പ്രചരിക്കുന്ന പ്രദേശങ്ങളിലെല്ലാം ഒന്നൊന്നു നടന്നു നോക്കി. ഈ ഉപദേശങ്ങൾ അനുസരിക്കുന്നവർ എങ്ങനെയാണു് ജീവിക്കുന്നതെന്നു മനസ്സിലാക്കണമെന്നു ഞാൻ കരുതി. ആ ഉപദേശങ്ങൾക്കനുസരണമായി ജീവിക്കുന്നവരെല്ലാം ഏറ്റസുഖമായി കഴിയുന്നു; അവരെ പിടികിട്ടുന്ന ലക്ഷണമേയില്ല. തമ്മിൽ തമ്മിൽ അവർക്കു

(നാല്പത്തിആറാംപേജിന്റെ തുടർച്ച)

യാതൊരു വിരോധവുമില്ല. സ്ത്രീയുടെവശീകരണങ്ങളിൽ അവർ വീണുപോകുന്നില്ല. വിവാഹം ചെയ്യുന്നില്ല. ചെയ്താൽതന്നെ ഏകപത്നീവ്രതം വച്ചുകൊണ്ടുമിരിക്കുന്നു. അവർക്കു വസ്തുവകകളൊന്നും സ്വന്തമായി വേണ്ട; എല്ലാം പൊതുവായി വച്ചിരിക്കുകയാണ്. മററുള്ളവർ ഉപദ്രവിക്കുവാൻ വന്നാലും അവർ ചെറുക്കുന്നില്ല. തിന്മയ്ക്കു പകരം നന്മചെയ്‌വാൻ അവർ സന്നദ്ധരാകുന്നു. ഇങ്ങനെ നല്ലജീവിതം നയിക്കുന്നതുകൊണ്ട് കൂടുതൽ കൂടുതൽ ആളുകൾ അങ്ങോട്ടു ആകൃഷ്ടരായിപ്പോകുന്നുണ്ട്. ഇതൊക്കെക്കണ്ടപ്പോൾ എല്ലാം തുലഞ്ഞു; ഇനി നിന്നിട്ടാവശ്യമില്ലെന്നു തന്നെ ഞാൻ തീർച്ചപ്പെടുത്തി. അപ്പോൾ ഒരു സംഭവമുണ്ടായി. കാര്യം നിസ്സാരമായിരുന്നെങ്കിലും അതിനു അല്പം പ്രാധാന്യമുണ്ടെന്നു തന്നെ എനിക്കു തോന്നി. ഞാൻ അവിടത്തെത്തെ ചുററിപ്പററി നിന്നു. ഈ ജനങ്ങളുടെ കൂട്ടത്തിൽ കുറേപ്പേർ ഒരു അഭിപ്രായം കൊണ്ടുവന്നു. എല്ലാപേരും 'സുന്നത്തു' കർമ്മം നിർവഹിക്കണമെന്നും വിഗ്രഹങ്ങൾക്കു നിവേദിച്ച മാംസം ആരും തിന്നപോകരുതെന്നും. മറെറതാനുംപേർ എതിർത്തു. മാംസമോ തോന്നിയതൊക്കെയോ തിന്നാം സുന്നത്തും നടത്തേണ്ടതില്ല എന്നായി അവർ. ഈ തരംനോക്കി ഞാൻ രണ്ടുകൂട്ടരോടും അടുത്തു് ഈ അഭിപ്രായം വളരെ പ്രധാനമാണെന്നു പറഞ്ഞു ധരിപ്പിച്ചു. അതു ദൈവസേവനത്തെ സംബന്ധിക്കുന്ന കാര്യമായതുകൊണ്ട് ഇരുകൂട്ടരും പിടിവിട്ടു കൊടുക്കരുതെന്നു ഞാൻ മുറുക്കി. അവർ എന്നെ വിശ്വസിക്കുവാൻ തുടങ്ങി; വഴക്കും കേറി മുറുകി. ഇരുവശക്കാരും ക്രോധിച്ചുവശായി. ഞാനപ്പോൾ പറഞ്ഞുകൊടുത്തു ഓരോ പക്ഷക്കാരും അവരവരുടെ സിദ്ധാന്തം ശരിയാണെന്നു വരുത്തുവാൻ ചില സിദ്ധികളൊക്കെ കാണിക്കണമെന്ന്. ഈ ജാലവിദ്യകൾക്കു ഒരു സിദ്ധാന്തത്തിന്റെ സത്യം തെളിയിക്കുവാൻ സാദ്ധ്യമല്ലെന്നു സ്പഷ്ടമാണെങ്കിലും ഇരുകൂട്ടരും, ശരി തങ്ങളുടേതാണെന്നു തെളിയിക്കാനുള്ള വ്യാമോഹംകൊണ്ട് എന്നെ വിശ്വസിച്ചു. ഞാൻ അവർക്ക് ഈ അൽഭുതജാലവിദ്യകളൊക്കെ സജ്ജീകരിച്ചുകൊടുത്തു. ഇതു ചെയ്‌വാൻ ഒരു ബുദ്ധിമുട്ടും എനിക്കു വന്നില്ല. അവരുടെ ഭാഗം മാത്രമാണു ശരിയെന്നു തെളിയിക്കുവാനുള്ള ആഗ്രഹത്തിനു പിൻതാങ്ങു കൊടുക്കുന്ന ഏതും അവർ വിശ്വസിച്ചുകളയും.

"ചിലർ പറഞ്ഞു അഗ്നിയുടെ നാക്കുകൾ അവർക്കുവേണ്ടി ഭൂമിയിലേക്കു ഇറങ്ങിവന്നുവെന്ന്. മരിച്ചുപോയ ഗുരുവിന്റെ ശവശരീരം ഉയർത്തെഴുന്നേററതു് കണ്ടുവെന്നു മററുചിലർ. അങ്ങനെ പലതും അവർ പ്രഖ്യാപനം ചെയ്തു. ഒരിക്കലും സംഭവിച്ചിട്ടില്ലാത്ത പലതും അവർ കെട്ടിച്ചമയ്ക്കാൻതുടങ്ങി. നമ്മെയെല്ലാം അസത്യവാദികളെന്നു വിളിച്ച ആളുടെ പേരുപറഞ്ഞു് ഈ മനുഷ്യർ നാമൊക്കെ പറയുന്നതിനേക്കാൾകൂടുന്ന അസത്യങ്ങൾ പറവാൻ തുടങ്ങി. ഒരുകൂട്ടർ മറേറക്കൂട്ടരോടു പറയുകയാണ്; നിങ്ങളുടെ അൽഭുതസംഭവങ്ങളൊന്നും നേരല്ല, ഞങ്ങളുടെതു മാത്രമേ ശരിയായിട്ടുള്ളു." മറേറക്കൂട്ടർ കുറേക്കൂടി ശക്തിയായി പറഞ്ഞു. ഞങ്ങളുടേതാണു നേരായിട്ടുള്ളതു്. നിങ്ങളുടേതൊക്കെ കൃത്രിമമാണ്".

"ഇങ്ങനെ കാര്യങ്ങൾ ഒരുമാതിരി ഭംഗിയായി നടന്നുപോവുകയാണ്, എന്നാലും എനിക്കു് ഒരു ഭയമുണ്ടായ് ഇത്ര സുസ്പഷ്ടമായ വഞ്ചനയിൽ നിന്നും അവർ വിമുക്തരായിക്കളയുമെന്ന്. അതു വരാതിരിക്കുവാൻ 'സഭ' എന്നൊരു വിദ്യ ഞാൻ തന്നെ കണ്ടുപിടിച്ചു. 'ഈ സഭ'യിൽ അവർ വിശ്വസിക്കുന്നുവെന്നു് കണ്ടപ്പോൾ എനിക്കു തണുപ്പായി. നമുക്കു രക്ഷകിട്ടിയെന്നും നരകം വിജയിച്ചെന്നും എനിക്കു ബോദ്ധ്യമായി.

IV

"എന്തൊന്നാണ് ഈ സഭ? ബീൽസബബ്' കുറഞ്ഞൊരു ഈർഷ്യയോടു കൂടി ചോദിച്ചു. തന്റെ ഭൃത്യന്മാർ തന്നെക്കാൾ ബുദ്ധിമാന്മാരായിത്തീരുന്നുവെന്നതു സമ്മതിക്കുവാനുള്ള വൈമുഖ്യമായിരുന്നു അയാളുടെ ശബ്ദത്തിൽ അപ്പോൾ പ്രകടമായതു്.

"അതു പറയാം; ആളുകൾ കള്ളംപറയും, ആരും അതു വിശ്വസിക്കുകയില്ലെന്നു അവർക്കു തന്നെ തോന്നുമ്പോൾ അവർ എപ്പോഴും ദൈവത്തിനെ സാക്ഷിയായി വിളിച്ചിട്ടു പറയും ദൈവത്തിനാണെ ഞാൻ പറയുന്നതു സത്യമാണ്. അതാണു സഭയെന്നു പറയുന്നതിന്റെ കാതലായ കാര്യം. എന്നാൽ ഒരു പ്രത്യേകതകൂടി അതിനുണ്ട്. ഈ സഭയുമായി പ്രത്യേകം ബന്ധപ്പെട്ടിരിക്കുന്നവരൊക്കെ തെററാനമില്ലാത്തവരാണെന്നു സ്വയം വിശ്വസിക്കുന്നുണ്ട്. എന്തു വിഡ്ഢിത്തം അവർ പറഞ്ഞാലും അതവർക്കു തിരുത്താൻ സാദ്ധ്യമല്ല. 'സഭ'യെന്നു പറയുന്നതു് രൂപവൽക്കരിച്ചിരിക്കുന്നതെങ്ങനെയാണെന്നോ? മനുഷ്യർക്കു് ദൈവം വെളിപ്പെടുത്തിക്കൊടുത്തിരിക്കുന്ന നിയമം തെററായി വ്യാഖ്യാനിക്കപ്പെടാതിരിക്കുവാൻ പ്രത്യേകം ചിലർക്കു അവരുടെ ഗുരുവായ ദൈവം ശക്തി കൊടുത്തിട്ടുണ്ടെന്നും അവർ പിൻതുടർച്ചക്കാരായി നിയമിക്കുന്ന ആളുകളിലേക്കു ഈ ശക്തി സംക്രമിക്കുമെന്നും അവർക്കുമാത്രമെ ആ നിയമം ശരിയായി വ്യാഖ്യാനിക്കാൻ കഴികയുള്ളു എന്നും ജനങ്ങൾ സ്വയം ധരിക്കുകയും അന്യരെ വിശ്വസിപ്പിക്കുകയും ചെയ്യുന്നു. അങ്ങനെ 'സഭ' എന്നു സ്വയം പറയുന്ന ഇക്കൂട്ടർ, അവരാണ് സത്യംവച്ചുകൊണ്ടിരിക്കുന്നതെന്നു് സ്വയംഭാവിക്കുന്നു. അവർ ഉപദേശിക്കുന്നതു സത്യമായതുകൊണ്ടല്ല ഇങ്ങനെ സ്വയം ഭാവിക്കുന്നതു്. അവരുടെവിശ്വാസം അവരുടെ ഗുരുവായ ദൈവത്തിന്റെ ശിഷ്യന്മാരുടെ ശിഷ്യന്മാരുടെ ശിഷ്യന്മാരുടെ പിന്തുടർച്ചക്കാരും അങ്ങനെ ദൈവത്തിന്റെ യഥാർത്ഥശിഷ്യന്മാരുമായിത്തീർന്നിട്ടുള്ളതു് അവർ മാത്രമാണെന്നാണ്. ഈ സമ്പ്രദായത്തിനു മുമ്പു പറഞ്ഞ ജാലവിദ്യകളുള്ളതുപോലെ, ജനങ്ങൾ അവരവരുടെ സഭ

(ശേഷം നാല്പത്തിഎട്ടാംപേജിൽ)

Reg. No. T. 26

# THE NAVAJEEVAN

Licence No. 363/37

One Caste One Relegion One God for Humanity

Sivagiri Varkala. 31st Oct 1944.

(നാല്പത്തിഏഴാംപേജിന്റെ തുടർച്ച)

യാണ് സത്യമായ സഭയെന്ന് സ്ഥാപിക്കാൻ തുടങ്ങും. (വാസ്തവത്തിൽ അതു സംഭവിച്ചു കഴിഞ്ഞു) എന്നു തകരാറുണ്ടെങ്കിലും ഒരു ഗുണമുണ്ട്. അവരാണ് 'സഭ'യെന്നു പറഞ്ഞ് ആ നിശ്ചയപ്രകാരം അവരുടെ ഉപദേശങ്ങൾ അതിന്മേൽ പട്ടുത്തുവച്ചിരിക്കുന്നതുകൊണ്ടു ഒരിക്കൽ പറഞ്ഞ കാര്യം എത്ര വലിയ വിഡ്ഢിത്തമായാലും പിന്നീടൊരിക്കലും അവർക്കതു ഉപേക്ഷിക്കുക സാദ്ധ്യമല്ലാതാകും; മറ്റുള്ളവർ എന്തു പറഞ്ഞാലും തരക്കേടില്ല.

"ഈ സഭ നമുക്കനുകൂലമായി ആ ഉപദേശങ്ങളെ ദുർവ്യാഖ്യാനം ചെയ്യുന്നതെന്തിനെന്നാണെന്റെ സംശയം" ബിൽസബെബ് ചോദിച്ചു. ആ കറുത്ത പിശാചു് തുടർന്നു. "അവരതു ചെയ്യുന്നതിനു കാരണമുണ്ടു്. ദൈവനിയമം വെളിപ്പെടുത്തുവാൻ അധികാരികൾ അവർ മാത്രമാണെന്നു പ്രഖ്യാപനം ചെയ്തുകഴിഞ്ഞിട്ടു അന്യരെ അതു് വിശ്വസിക്കുവാൻ പ്രേരിപ്പിച്ചു. അങ്ങനെ മനുഷ്യന്റെ വിധി നിർണ്ണയിക്കുന്ന ഏറ്റവും വലിയ അധികാരികൾ അവരായി. അതുനിമിത്തം ഏറ്റവും വലിയ ശക്തിയും അവർക്കു ലഭിച്ചു. ഈ ശക്തി ലഭിച്ചുകഴിഞ്ഞപ്പോൾ സ്വാഭാവികമായി അവർ അഹംഭാവികളായി. മറ്റുള്ളവരെ വിഗണിച്ചു. അവരൊക്കെ അമർഷം കൊണ്ടു; ശത്രുതപൂണ്ടു; ഇങ്ങനെ തനിയെ വിനവലിച്ചു തലയിൽ വച്ചു ശത്രുക്കളോടുള്ള മത്സരത്തിൽ അക്രമമല്ലാതെ മറ്റു മാർഗ്ഗമില്ലാത്തതുകൊണ്ടു് തങ്ങളുടെ അധികാരം വകവച്ചുകൊടുക്കാത്തവരെയെല്ലാം അവർ മർദ്ദിക്കുവാനും വധിക്കുവാനും, ജീവനോടെ ചുട്ടുവാനും തുടങ്ങി. ഇപ്രകാരമുള്ള അവരുടെ ദുഷിച്ചജീവിതത്തെയും ശത്രുക്കളോടു കാണിച്ച ക്രൂരതയെയും ന്യായീകരിക്കുവാൻ ആ ഉപദേശങ്ങളെ ദുർവ്യാഖ്യാനം ചെയ്യാതെ സാദ്ധ്യമല്ലെന്നായി. അശേഷം ക്ലേശംകൂടാതെ അതു അവർ സാധിക്കുകയും ചെയ്തു."

V

"അതെങ്ങനെ. ആ ഉപദേശങ്ങൾ ദുർവ്യാഖ്യാനം ചെയ്യപ്പെടാൻ സാധിക്കാത്ത വിധം അത്ര വളരെ ലളിതവും, മനസ്സിലാക്കാൻ വിഷമമില്ലാത്തതുമായിരുന്നല്ലോ" ബിൽസബെബ് പിന്നെയും തനിക്കു കഴിയാത്തതു തന്റെ ഭൃത്യന്മാർക്കു കഴിഞ്ഞെന്നു സമ്മതിച്ചുകൊടുക്കുന്നതിനുള്ള വിമുഖതകൊണ്ടു് ചോദിച്ചു. "നിങ്ങളോടു അന്യർ എങ്ങനെ പെരുമാറണമെന്നു് നിങ്ങൾ ആഗ്രഹിക്കുന്നുവോ അതുപോലെ അവരോടു പെരുമാറുക എന്നു പറയുന്നതിനെ എങ്ങനെ തെറ്റിച്ചു വ്യാഖ്യാനിക്കും?"

കറുപ്പൻ ചെകുത്താൻ ഉടനെ പറഞ്ഞു. "അതോ എന്റെ ഉപദേശംകൊണ്ടു അവർ പല സമ്പ്രദായങ്ങളും പ്രയോഗിച്ചുനോക്കി. ഒരുവനെ ഒരു ബാധോപദ്രവത്തിൽ നിന്നു് രക്ഷിക്കുന്നതിനായി അവനെ ഒരു കോതമ്പുമണിയാക്കി മാറ്റിയ ഒരു മന്ത്രവാദിയുടെ കഥ ഈ മനുഷ്യർ പറഞ്ഞുകേൾക്കാറുണ്ടു്. ബാധ ഉടനെ ഒരു കോഴിയുടെ വേഷം പൂണ്ടു കോതമ്പുമണി കൊത്തി കൊക്കിലാക്കാൻ ഭാവിച്ചു. ഉടനെ മന്ത്രവാദി ഒരുചാക്കു കോതമ്പഴിച്ചു ആ കോതമ്പുമണിയുടെ മീതെ കൂട്ടിയിട്ടു. ബാധയ്ക്കു അതു മുഴുവൻ തിന്നുതീർക്കുക സാദ്ധ്യമല്ലാതായി. തന്നെയല്ല അതിനു കാണേണ്ട കോതമ്പുമണി ഏതെന്നു തിരിച്ചറിവാനും കഴിയാതായി. നിങ്ങളോടു അന്യർ എങ്ങനെ വർത്തിക്കണമെന്നു നിങ്ങൾ ആഗ്രഹിക്കുന്നുവോ അതുപോലെ നിങ്ങൾ അവരോടു വർത്തിക്കുക എന്നുള്ളതിൽ എല്ലാ ധർമ്മനിയമങ്ങളും അടങ്ങുന്നുവെന്നു് പഠിപ്പിച്ചയാളിന്റെ സിദ്ധാന്തങ്ങളെ എന്റെ ഉപദേശത്തിനു വഴിപ്പെട്ടവർ അനുകരിച്ച വിധവും ഇതുതന്നെയാണ്. ദൈവനിയമത്തിന്റെ വിശുദ്ധവ്യാഖ്യാനങ്ങളായി അറുപത്തിഒരു തരം ഗ്രന്ഥങ്ങൾ അവർ അംഗീകരിച്ചു. അനന്തരം അവയിലെ ഓരോ വാക്കും പരിശുദ്ധാത്മാവായ ദൈവത്തിന്റെ സൃഷ്ടിയാണെന്നു അവർ ഉൽഘോഷിച്ചു. ലളിതവും സുഗ്രാഹ്യവുമായ സത്യത്തിന്റെ മീതെ ദൈവികാഭാസമായ സത്യങ്ങൾ അവർ ചൊരിഞ്ഞുകൂനിച്ചു. തന്നിമിത്തം ഇവയെല്ലാം വിശ്വസിക്കുന്ന കാര്യം അസാദ്ധ്യമായെന്നുമാത്രമല്ല അവയിൽ മനുഷ്യനു അത്യാവശ്യമായ സത്യമേതെന്നു കണ്ടുപിടിക്കുവാനും വിഷമമായിത്തീർന്നു.

"ഇതായിരുന്നു അവരുടെ ഒന്നാമത്തെ വിദ്യ. രണ്ടാമത്തേതു ഒരായിരക്കൊല്ലക്കാലത്തോളം വിജയകരമായി പ്രയോഗിക്കപ്പെട്ടതാണ്. സത്യം വെളിവാക്കാൻ ശ്രമിക്കുന്നവരെയൊക്കെ മുഖംനോക്കാതെ കൊല്ലുകയോ ചുട്ടുകളയുകയോ ചെയ്ക, അതാണ് ആ വിദ്യ. ഈ സമ്പ്രദായം ഇപ്പോൾ കൈവിട്ടുതുടങ്ങിയിട്ടുണ്ടു്. എങ്കിലും മുഴുവനും പരിത്യജിച്ചിട്ടില്ല. സത്യത്തെ പ്രകാശിപ്പിക്കുവാൻ ശ്രമിക്കുന്നവരെ ജീവനോടെ ദഹിപ്പിക്കാറില്ലെങ്കിലും അവരെ പരിഹാസപാത്രങ്ങളാക്കി അവരുടെ ജീവിതം വിഷപൂരിതമാക്കിത്തീർത്തുകളയാറുണ്ടു്. ഇതു നിമിത്തം വളരെ ചുരുക്കം പേരേ അതു വെളിവാക്കാൻ ധൈര്യപ്പെടുന്നുള്ളു."

"ഇതാണ് രണ്ടാമത്തെ മാർഗ്ഗം"

ടോൾസ്റ്റോയി—സ്വതന്ത്രഭാഷാന്തരം By. സ്വാമി മംഗലാനന്ദ

Edited & Printed by Swami Sri Narayana Theerthar at the Cit-
& Published at SivagriVarkala, Travancore.